Prajaahita Foundation

MAGAZINE

ഉള്ളടക്കം

- Prajaahita Activities
- ആമുഖം
- ആശംസ
- എൻ മതം: അജയ് ബാലചന്ദ്രൻ
- പ്രത്യാശയുടെ നിറങ്ങൾ: അപർണ ജി. എസ്
- മൂന്നാമതൊരാൾ: അർച്ചന വിജയൻ
- അപ്പൂപ്പന്താടി: രമ്യ ചന്ദ്രൻ
- കൂട്: രാജേഷ് കെ ആർ
- ശാന്തിനികേതനിലെ അപരിചിതർ: ആതിര രാഹുൽ
- ഒരു യമണ്ടൻ പൂരകഥ: സുബീന എം. വി
- ഷാജി തലോറ
- ആളിക്കത്തുന്ന തീ അണയുമ്പോൾ അവശേഷിക്കുന്നത് എന്താണ്?: ജിനി ജോൺ
- Locomotor Disability in India
- My Journey with Divinely Abled: Abhishek Nagaraja
- Embracing Diversity: Dhanya Ravi

Prajaahita Activities

Prajaahita Inaugural function 08 Oct 19 At Prajaahita Foundation Office 18/937 Q1, First Floor, Akkai Tower, Near Tali Temple, Chalappuram, Kozhikode-673002.

Lamp lighting by PRAJAHITHA Director MRS.Ganga Devi

Lamp lighting by
Mr.Santosh Kumar

Lamp lighting by
Mr. Balagovindan.

★Prajaahita launch project: നിറം പകരാം #Nirampakaraam

It's with great delight that we inform our little steps in this momentous journey. The initial project of Prajaahita നിറം പകരാം successfully accomplished by gifting color pencils to the students of The Amrita Institute for Differently Abled. This organization is dedicated in providing education for differently-abled children, including those with Down's Syndrome, epilepsy, autism, and intellectual developmental disability.

As team Prajaahita approached AIDA, the suggestion was clear that there is a consistent requirement for colour pencils. Finding the supporters for this great cause, Prajahita executed the project on 10/10/19, owing to the wonderful response from the faculty and students at AIDA,

★Learning from the pioneers:

Prajaahita director, Sooraj Santhosh Kumar on the journey for knowledge! Getting to know how the groundwork, the back-ends and literally the rolling of an organization working for social responsibility.

Even though the journey through organizations has begun so far, this time it had gifted and added perspective. It was quite evident from the experiences from various organizations visited including Giftabled & Samarthanam that it works more like a family and that's the only way it works in the perfect flow! There are challenged individuals working hand in hand with the others, meaningfully for a protective organization. These organizations have already

marked their success stories by offering remarkable service for the development of education livelihood environment sports health nutrition community based programs.

★Prajaahita Director, Sooraj Santhosh Kumar & Core Volunteers Shyam Kishore and Arjun K on a meet up with the wonder woman Dhanya Ravi, National award winner & social activist at Amrithavarshini for osteogenesis imperfecta.

x

★Prajaahita mentor, Krishna Kumar P Sreelatha submitting accessibility project proposal to Sri. B. Abdul Nasar I.A.S (District Collector, Kollam)

★Prajaahita mentor, Krishna Kumar P Sreelatha submitting accessibility project proposal to Sri P.B Nooh I.A.S (District Collector, Pathanamthitta)

★**Prajaahita team at India Inclusion Summit (IIS) Bengaluru Sooraj Santhosh Kumar, Rejin Jose K & Rahul Sajeevan T**

★**Prajaahita team in association with Ektha Foundation Chennai, conducting Boccia introduction camp at Jyothis school Kottayam around 20 students with teachers and parents participated on 25/11/2019**

★Prajaahita team in association with Ektha Foundation Chennai, conducting Boccia introduction camp at Asha Deepam special school Aluva 25 persons with intellectual disabilities participated on 26/11/2019

★Prajaahita team in association with Ektha Foundation Chennai, conducting Boccia follow up camp at NIPMR Iringalakuda on 27/11/2019. Around 30 students participated

★Prajaahita team in association with Ektha Foundation Chennai, conducting Boccia introduction camp at Amrita Institute for Differently Abled. Around 20 students participated 28/11/2019

ആമുഖം

ഒരു സ്വപ്നത്തിൽ നിന്നാണ് പ്രജാഹിത ആരംഭിക്കുന്നത്. അത് ഒരാൾ കണ്ട സ്വപ്നം അല്ല; ഒരുപാട് പേരുടെ സ്വപ്നം ആണ്! എനിക്കു ചുറ്റുമുള്ളവർ ചെയ്ത യാത്രകളുടെ വിശേഷങ്ങൾ കേട്ട് എന്റെ വീടിന്റെ പുറത്തേക്ക് ഇറങ്ങണമെന്ന് ശാരീരിക പരിമിതി നേരിടുന്ന ഓരോരുത്തരും കണ്ട സ്വപ്നം. സുഹൃത്തുക്കളും സഹോദരങ്ങളും ഒക്കെ ജോലി ചെയ്ത് വരുമാനം കണ്ടെത്തുമ്പോൾ എനിക്കും അങ്ങനെ ആകണമെന്ന് ഓരോ ഭിന്നശേഷിക്കാരനും കണ്ട സ്വപ്നം. എല്ലാവരെയും പോലെ തന്നെ ഓരോ ഭിന്നശേഷിക്കാരനും തന്റേതായ വ്യക്തിമുദ്ര നമ്മുടെ സമൂഹത്തിൽ പഠിപ്പിക്കേണ്ടതുണ്ടെന്ന ബോധ്യം ഓരോരുത്തരിലും എത്തിക്കുക, അറിയപ്പെടാതെ പോകുന്ന അവകാശങ്ങളെയും, കടമകളെയും കുറിച്ച് ബോധവാന്മാരാക്കുകയും അത് പ്രാവർത്തികമാക്കുക, ഈ സ്വപ്നങ്ങളുടെ ഒക്കെ പൂർത്തീകരണം ആണ് പ്രജാഹിത ഫൌണ്ടേഷൻ്റെ ലക്ഷ്യം.

ഡിജിറ്റൽ,പ്രിൻറ് മാധ്യമങ്ങൾ ഒരുപാടുള്ള ഇക്കാലത്ത് എന്തിനാണ് ഇങ്ങനെ ഒരു മാഗസിൻ എന്ന് പലരും ചിന്തിച്ചേക്കാം.പക്ഷേ പുറത്തേക്ക് എത്താൻ കഴിയാതെ നിൽക്കുന്ന ശാരീരിക പരിമിതികൾ നേരിടുന്നവരും അല്ലാത്തവരും ആയ ഒരുപാട് പ്രതിഭകൾ നമുക്ക് ചുറ്റും ഉണ്ട്.അവരെ കണ്ടെത്തി അവരിലെ കഴിവുകൾ പുറത്തേക്ക് കൊണ്ട് വരിക എന്നതാണ് പ്രജാഹിത മാഗസിൻ കൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത്.രബീന്ദ്രനാഥ് ടാഗോറിന്റെ ഗീതാഞ്ജലിയിൽ

അസ്തമയ സൂര്യൻ്റെ വേദനയെ കുറിച്ച് പറയുന്ന ഒരു ഭാഗമുണ്ട് അതിങ്ങനെയാണ് സൂര്യൻ അസ്തമിക്കാൻ തുടങ്ങുന്നു. അസ്തമിക്കുന്ന സൂര്യൻ കരഞ്ഞു കൊണ്ട് വിളിച്ചു പറയുകയാണ്." എനിക്കു പകരം ആരെങ്കിലും അല്പം വെളിച്ചം പകരൂ ഭൂമിയിലേക്ക് " പക്ഷേ ആരും കേട്ടില്ല...ആരും ശ്രദ്ധിച്ചില്ല... അപ്പോൾ അങ്ങ് താഴെ ഒരു മുക്കുവന്റെ കുടിലിൽ നിന്ന് ഒരു മെഴുക് തിരിയുടെ നാളം വിളിച്ചു പറഞ്ഞു:" ഞാൻ നൽകാം എന്റെ ഇത്തിരി നുറുങ്ങു വെട്ടം!". നമുക്കറിയാം ഒരിക്കലും സൂര്യന്റെ വെളിച്ചത്തിന് പകരം വെക്കാൻ കഴിയുന്നതല്ല മെഴുകുതിരി വെളിച്ചമെന്നു. അതു പോലെ ഇരുട്ടിലായി പോയ ഒരുപറ്റം ആളുകളിലേക്ക് ഒരു മെഴുകുതിരി നാളമായി ഞങ്ങൾ പ്രജാഹിത ഫൗണ്ടേഷൻ എത്തുകയാണ്. നിങ്ങളുടെയൊക്കെ പ്രാർത്ഥനയും, സ്നേഹവും, പിന്തുണയും പ്രതീക്ഷിച്ചു കൊണ്ട് ഞങ്ങൾ തുടങ്ങുന്നു.

ടീം പ്രജാഹിത

ആശംസ

ഇതാ ഒരുപറ്റം ഫീനിക്സ് പക്ഷികൾ..

വിധിയുടെ വിളയാട്ടം കൊണ്ട് ചിറകു കരിഞ്ഞ് വിഹായസ്സിൽ സ്വതന്ത്രമായി പറക്കാൻ കഴിയാത്ത പക്ഷികളെപ്പോലെ ഇതാ ഒരുപറ്റം സഹോദരന്മാർ.

തോൽക്കാൻ മനസ്സില്ലാത്ത അവർ പ്രജാഹിത എന്ന പേരിൽ ഏതാനും സന്നദ്ധ പ്രവർത്തകരോടൊപ്പം രണാംഗണത്തിൽ ഇറങ്ങിയിരിക്കുകയാണ്. നിശ്ചയദാർഢ്യത്തോടെ വിജയം കൊയ്യാൻ പടപൊരുതാൻ. മനക്കരുത്തിനെ ഒരു ശക്തിക്കും തോൽപ്പിക്കാൻ കഴിയില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് പടക്കളത്തിലിറങ്ങിയ അവരെ മനസ്സുകൊണ്ടു ഞാൻ ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നതോടൊപ്പം എല്ലാ വിധ നന്മകളും ആശംസിക്കുന്നു.

സ്നേഹത്തോടെ

മുക്കം ഭാസി.

അജയ് ബാലചന്ദ്രൻ

അജയ് ബാലചന്ദ്രൻ (സ്പൈനൽ കോർഡ് ഇഞ്ചുറി) വീട് ഒറ്റപ്പാലം. കവിതകൾ എന്ന ബ്ലോഗിൽ എഴുതാറുണ്ട്. കണ്ടൻറ് റൈറ്റിങ് ചെയ്യുന്നു.

https://madhuvanam.wordpress.com/

എൻ മതം

ആളുന്ന തീയതിൻ ശോഭ കാൺകേ
പുഷ്പമെന്നോർത്തൊരു ശലഭം പോലും
ശൂന്യമാം അഗ്നിയെ പുല്കാതിരുന്നെങ്കിൽ,
എരിതീതൻ ചൂടറിഞ്ഞകലത്തു മാഞ്ഞെങ്കിൽ
സ്വസ്ഥം കൃതാർത്ഥമീ ആത്മയാത്ര.

ഉള്ളം തെളിക്കുവാൻ ഉള്ളിൽ സ്ഫുരിക്കുന്ന
കാറ്റണയ്ക്കാത്തൊരു കുഞ്ഞിളം നാളത്തേ
ജ്ഞാനം സ്ഫുടം ചെയ്തു ആളി പടർത്താവെ
നിത്യമാം സത്യത്തിൻ സാമിപ്യം ഒന്നിനാൽ
ധന്യം അനന്യമീ ആത്മായനം

അപർണ ജി. എസ്

സ്വദേശം കൊല്ലം, അമൃത യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കി . ഇപ്പോൾ കൊല്ലം എസ് എൻ കോളേജിൽ ഹിന്ദിയിൽ എം എ ചെയ്യുന്നു

പ്രത്യാശയുടെ നിറങ്ങൾ

പ്രജാഹിതയുടെ ഭാഗമാകാൻ കഴിഞ്ഞതിനെ ഒരു വഴിത്തിരിവെന്നോ ദൈവനിയോഗമെന്നോ വിളിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ഇത് ദൈവം തിരഞ്ഞെടുത്തവരിലേക്കുള്ള യാത്രയാണ്. ആ യാത്രയുടെ ആരംഭത്തിലാണ് ഞാൻ ഇപ്പോൾ നിൽക്കുന്നത്. പുതിയ സൗഹൃദങ്ങൾ, പുതിയ പ്രചോദനങ്ങൾ, പുതിയ നന്മകൾ, മറ്റുള്ളവരിലേക്ക് എത്തിക്കുന്ന പ്രകാശം സ്വന്തം ജീവിതത്തിലേക്കും പരക്കുന്നത് അറിയുമ്പോഴുള്ള സന്തോഷം...

പ്രജാഹിതയുടെ മെന്ററും കേരളത്തിലെ യുവസമൂഹത്തിനൊന്നടങ്കം പ്രചോദനവുമായ കൃഷ്ണകുമാർ ചേട്ടനെയാണ് പ്രജാഹിതയിൽ വന്നതിനു ശേഷം ആദ്യം പരിചയപ്പെടുന്നത്, മനസ്സിന് ചിറകുകളുള്ള മനുഷ്യൻ, അല്ലാതെ ചേട്ടനെ മറ്റെന്ത് പേരിട്ടു വിളിക്കാനാണ്? സിനിമയും, വായനയും, സാമൂഹ്യ പരിതസ്ഥിതികളും ഒക്കെ സംഭാഷണ വിഷയമായ ആ കൂടിക്കാഴ്ചക്ക് ശേഷം മടങ്ങുമ്പോൾ എനിക്ക് എന്നിലേക്ക് തന്നെ തിരിഞ്ഞു നോക്കാനുള്ള ഒരു അവസരമായിരുന്നു അത്, വെറുതെ ജീവിച്ചു മരിക്കുന്നതിനു അപ്പുറം എന്തൊക്കെയോ ചെയ്യണം എന്ന് തോന്നിയ നിമിഷം.

നിറങ്ങളുടെ ലോകത്തിൽ സന്തോഷം കണ്ടെത്തുന്ന ഒരു പതിനേഴുകാരനെ ഞാൻ കണ്ടത് ഈ യാത്രയിലാണ്. അവനു മസ്ക്യൂലർ ഡിസ്ട്രോഫി ആണ്, എന്നാൽ തന്റെ അവസ്ഥയുടെ കാഠിന്യമോ വ്യസനമോ അല്ല ഞാൻ അവന്റെ മുഖത്തു കണ്ടത്, ഇനിയും വിട്ടു പോയിട്ടില്ലാത്ത ബാല്യം, അപരിചിതത്വം തൊട്ടുതീണ്ടാത്ത നിഷ്കളങ്ക സ്നേഹം. അവന്റെ ചുമരുകൾ തേയ്ക്കാത്ത വീടും, ഉറപ്പില്ലാത്ത മേൽക്കൂരയും അല്ല അവനെ ചിന്തിപ്പിച്ചത്, അവനു ചിത്രം വരയ്ക്കാനുള്ള ചായങ്ങൾ തീർന്നുപോയിരുന്നു... അവൻ സന്തോഷം കണ്ടെത്തുന്നത് എത്ര ചെറുതെന്നു നമ്മൾ കരുതുന്ന കാര്യങ്ങളിലാണ് എന്ന് ഓർത്തുപോയി. .

അതിനുശേഷം കണ്ടത് കിഷോറേട്ടനെയാണ്, എടുത്ത് പറയേണ്ട വ്യക്തിയാണ് കാരണം സ്വന്തം ലോകം ഒരു വീൽചെയറിൽ ഒതുക്കാതെ സഞ്ചരിച്ചുകൊണ്ടേയിരിക്കുന്ന ആൾ, ചേട്ടൻ നിർമിക്കുന്ന വിത്ത് നിറച്ച കടലാസ്സ് പേനകൾ ഒരു വലിയ സന്ദേശവും പ്രതീക്ഷയുമാണ്.

ചിരിച്ച മുഖങ്ങളാണ് ഞാൻ പ്രജാഹിതയിൽ കണ്ടത്, മനസ്സ് നിറയ്ക്കുന്ന ചിരി. ആ ചിരികൾ ഇനിയും മായാതെ ഇരിക്കട്ടെ, കൂടുതൽ മുഖങ്ങളിലേക്കും ജീവിതങ്ങളിലേക്കും ആ ചിരി പരക്കട്ടെ.

അർച്ചന വിജയൻ

കോട്ടയം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് വിദ്യാർത്ഥിയാണ്. സ്വദേശം പാലക്കാട്, 2013ൽ അർച്ചനാപുഷ്പങ്ങൾ എന്ന പേരിൽ പുസ്തകം പ്രകാശനം ചെയ്തു.

രമ്യ ചന്ദ്രൻ



(Muscular Dystrophy) ചെറിയ രീതിയിൽ കവിതകൾ എഴുതും ബോട്ടിൽ ആർട്ട് ചെയ്യാറുണ്ട്.

അപ്പൂപ്പന്താടി

നീ ഇല്ലായിരുന്നുവെങ്കിൽ, വാക മരത്തിലെ ഋതു മാറി വിരിഞ്ഞ ഒരു
പൂവ് മാത്രമായേനെ ഞാൻ...

നീ ഉള്ളപ്പോൾ ഞാൻ വിരിഞ്ഞത് ഒരു വസന്തത്തിലെന്ന പോലെ
തോന്നുന്നു...

എനിക്ക് ചുറ്റും ചിത്രശലഭങ്ങൾ പാറി പറക്കുന്നു...
ആ ശലഭങ്ങൾക്കൊക്കെയും നിന്റെ മുഖമാണ്....
ഓരോ ശലഭങ്ങളും നിന്റെ സ്വരത്തിൽ എന്നോട് കഥകൾ പറയുന്നുണ്ട്...
നീ എന്നോട് പറയണമെന്ന്, ഞാൻ കൊതിക്കുന്ന കുറെയേറെ കഥകൾ....
ആ കഥകളിലേറെയും ഞാൻ നിനക്ക് തരാതെ ഒളിപ്പിച്ചു വെച്ച
സ്നേഹത്തെക്കുറിച്ചായിരുന്നു....
നീ ഒരോതവണ എന്നിൽ വട്ടമിട്ടു പറക്കുമ്പോഴും ഒരു അപ്പൂപ്പന്താടി
എന്നപോലെ അനന്തതയിലേക്കുയർന്നു പോകുന്നു ഞാൻ...
സ്നേഹത്തിന്റെ ഒരായിരം തേൻ തുള്ളികൾ കുടഞ്ഞ ഒരു
അപ്പുപ്പൻതാടിയായ്....

രാജേഷ് കെ ആർ

(സ്പൈനൽ മസ്കുലർ അട്രോഫി)
വീട്: ഉള്ളൂർ തിരുവനന്തപുരം.
തിരുവനന്തപുരം നഗരസഭയിൽ ഓവർസീയർ ആയി ജോലി ചെയ്യുന്നു.

കൂട്

വഴിതെറ്റി പറന്നു വന്ന അവൻ വലിയൊരു തറവാട് മുറ്റത്തെത്തി. ഒരു നീല പൊൻമാൻ.

മുറ്റത്തെ കിഴക്കേ മൂലയിൽ, നാരകചുവട്ടിൽ നിന്ന് ഒരു പാട്ട് കേൾക്കുന്നുണ്ടായിരുന്നു . ചിരി കേൾക്കുന്നുണ്ടായിരുന്നു.

അതിനടുത്തുള്ള മാവിൻകൊമ്പി ലേക്കു അവൻ പറന്നിരുന്നു.

ആ നാരകച്ചുവട്ടിൽ കണ്ടു, ഒരു കുഞ്ഞു മാലാഖയെ. അവൾ അവനെ പാടി വിളിക്കുകയായിരുന്നു. കൈകൾ നീട്ടി, കണ്ണിൽ പ്രദീക്ഷകൾ നിറച്ചു അവനെത്തന്നെ നോക്കി പാടുന്നുണ്ടായിരുന്നു.

അവൻ ആ പറമ്പിൽ കടന്നപ്പോൾ തന്നെ അവൾ കണ്ടിട്ടുണ്ടാകണം. ആ പാട്ടിന്റെ താളത്തിൽ ചുവടുവയ്ക്കാൻ കൊതിച്ച് അവൾക്കരികിലേക്കു പൊന്മാൻ പറന്നിറങ്ങി. അവർ ഒരുമിച്ച് പാടി, ആടി. അവരുടെ പൊട്ടിച്ചിരികൾ അവിടമാകെ ഉണർത്തി. അവൾ അവനെ കൈകളിൽ എടുത്തു ആ പൊന്നിൻ ചിറകുകൾ തലോടി, പിന്നെ ചേർത്തുപിടിച്ചു. അപ്പോഴേക്കും മഴ പെയ്തു തുടങ്ങിയിരുന്നു. അവൾ ഉറക്കെപ്പറഞ്ഞു, "രാത്രിമഴ". രണ്ടുപേരും ഭ്രാന്തന്മാരെ പോലെ പൊട്ടിച്ചിരിച്ചു, "രാത്രിമഴ".

മഴ നനഞ്ഞു തളർന്നുറങ്ങിയ അവനെ പുലർച്ചെ അവൾ തട്ടിവിളിച്ചു. "വേഗം എഴുന്നേൽക്കു, പോകു, അവർ വരുന്നു "

ആരാ അവർ എന്നു ചോദിക്കും മുൻപേ " അവർ " ഇങ്ങടുത്തെത്തിയിരുന്നു. നല്ല പത്രാസ്സുള്ള വീട്ടുകാർ. എല്ലാവരും അവളെ നോക്കി ആർത്തു ചിരിക്കുന്നുണ്ടായിരുന്നു.

അല്ല.

അവൾ അവരെ ചിരിപ്പിക്കാൻ വേണ്ടി എന്തൊക്കെയോ കോമാളിത്തരങ്ങൾ കാണിക്കുന്നുണ്ടായിരുന്നു. പാട്ടുപാടി നൃത്തം വച്ചു. വന്നവർ പറഞ്ഞു "കണ്ടോ എന്റെ മകൾ, അവൾ ഭാഗ്യവതി അല്ലേ? എന്തു സന്തോഷമാ അവൾക്കു ",

" എന്റെ അനിയത്തിയുടെ പട്ടു ഉടുപ്പുകൾ കണ്ടോ, രത്നമോതിരവും മാലകളും കണ്ടോ, എല്ലാം ഞങ്ങളുടെ ഭാഗ്യം ", "കണ്ടോ എന്റെ മുറപ്പെണ്ണിനെ, അവൾ എത്ര നന്നായി പാടുന്നു, എനിക്ക് വേണ്ടിയാണു പാടുന്നത്, ഞാൻ ഭാഗ്യവാൻ അല്ലേ ."

എല്ലാവരും എന്തൊക്കെയോ പറഞ്ഞു സന്തോഷിക്കുന്നു, പക്ഷെ ആരും എന്തെ അവളുടെ അടുത്തേക്ക് ചെല്ലാത്തത്, എന്തെ അവൾ ഈ മരച്ചുവട്ടിൽ, എന്തെ എല്ലാവരെയും പോലെ ആ മാളികയിൽ പോകാത്തത്. പൊന്മാൻ ആ നാരകത്തിന് ചുറ്റും പറന്നു നടന്നു.

പെട്ടന്ന് അവൾക്ക് ചുറ്റും നിന്നവർ എല്ലാം പേടിച്ചു ഓടി മാറുന്നു.

അതാ ഒരു ആറടി പൊക്കമുള്ള മീശക്കൊമ്പൻ. അവന്റെ കൈയിൽ എന്തോ കഴിക്കാൻ ഉണ്ട്, പട്ടു ഉടുപ്പ് ഉണ്ട്, മയിലിന്റെ ലോക്കറ്റ് ഉള്ള പൊന്നിൻ മാലയുണ്ട് .എല്ലാവരും ഇവനെ നോക്കി എന്തിനാ തൊഴുന്നത്. പൊന്മാന് ഒന്നും മനസിലായില്ല.

മീശക്കാരൻ ഒരു താക്കോൽ കൂട്ടം എടുത്ത് ഒരു ചില്ലുവാതിൽ തുറക്കുന്നു. പൊന്മാൻ അതിശയിച്ചു. ഇത്രയും നേരം ആ വാതിൽ താൻ കണ്ടില്ലല്ലോ. അപ്പോഴാണ് അവൻ കണ്ടത്, അവൾ ഇരിക്കുന്ന നാരകത്തിന് ചുറ്റും ഒരു ചില്ലുകൂട്. അതിൽ സ്വർണത്തിന്റെ ജാലകങ്ങൾ, മനോഹരമായ ചിത്രങ്ങൾ. പക്ഷെ പൂട്ടിയ വാതിൽ തുറന്നു വന്ന ആളേ കണ്ടപ്പോൾ അവൾ കരയാൻ തുടങ്ങി. അവൾ ആ പൊന്മാനെ കണ്ണുകൾ കൊണ്ടു തേടി. അവർ പരസ്പരം കണ്ട നിമിഷം അവളുടെ കരച്ചിൽ ഒരു നിലവിളിയായി. മീശക്കാരൻ കൊണ്ടുവന്നതെല്ലാം അവളുടെ നേരെ എറിഞ്ഞിട്ട് അവൾക്കുമേൽ ചാടി വീണു.അയാളിൽ നിന്ന് അവളെ രക്ഷിക്കാൻ പാഞ്ഞു വന്ന പൊന്മാൻ ആ ചില്ലു കൂട്ടിൽ ഇടിച്ചു താഴെ വീണു. വീണ്ടും വീണ്ടും ആഞ്ഞ് കൂടിനെ കൊത്തിയെങ്കിലും അവന്റ ചുണ്ടുകൾ ഒടിഞ്ഞു പോയി, ചിറകുകൾ തളർന്നുപോയി.

പക്ഷെ അപ്പോഴും കൂടെ നിന്നവർ ആർത്തു ചിരിക്കുന്നുണ്ടായിരുന്നു. അവൾ എത്ര ഭാഗ്യവതി എന്നു വിളിച്ചു കൂവുന്നുണ്ടായിരുന്നു.

എല്ലാം കഴിഞ്ഞു ആ കൂട് വീണ്ടും പൂട്ടി അയാൾ പുറത്തു ഇറങ്ങിയപ്പോഴും ആ വീട്ടുകാർ അയാളെ തൊഴുതു നിൽക്കുന്നുണ്ടായിരുന്നു.

ഒരു കണ്ണാടി ചുമരിനപ്പുറം പൊന്മാൻ നോക്കി നിൽക്കേ അവൾ ചോര ഒലിച്ച മുഖം തുടച്ചു, പുതിയ ഉടുപ്പിട്ടു, അണിഞ്ഞൊരുങ്ങി, വീണ്ടും പാടാനും ആടാനും തുടങ്ങി. "അവൾ എത്ര ഭാഗ്യവതി, എന്ത് സന്തോഷമാ അവൾക്ക് " എന്നു പറഞ്ഞു എല്ലാവരും തിരികെപ്പോയി. "എന്നെ തുറന്നു വിടു, ഞാനും ജീവിച്ചുകൊള്ളട്ടെ " എന്നു അവൾ അവരോടു ആദ്യമായി കരഞ്ഞു പറഞ്ഞു. പക്ഷെ തിരിഞ്ഞ് നടന്നവർ പറഞ്ഞു

"പൊന്മാനെ, നീയും പോകുക. എന്റെ അനുജത്തിക്ക് ഭ്രാന്താണ് . അവൾക്കു ആ സ്വർണ കൂട് വിട്ട് പുറത്തു പോകണമെന്ന് "

പക്ഷെ പൊന്മാൻ വീണ്ടും കൂട്ടിൽ ആഞ്ഞു കൊത്തിക്കൊണ്ടു പറഞ്ഞു " ഉള്ളിൽ നിന്ന് തുറക്ക്, നിനക്കു തുറക്കാൻ കഴിയും. പുറത്തു കാവലായി ഞാനുണ്ട് " അവൾ കണ്ണുകൾ തുടച്ചു കൊണ്ടു പറഞ്ഞു " നീയും പോകുക, ഇത് എന്റെ ജീവിതമാണ്. അവർ നാളെയും വരും. അവർക്കു വേണ്ടി ഞാൻ ഇനിയും ചിരിക്കണം, പാടണം. ഇതാണ് എന്റെ ജീവിതം "

ഒടിഞ്ഞ ചിറകുമായി, ചോര ഒലിക്കുന്ന ചുണ്ടുമായി അവൻ ആ കൂടിനു ചുറ്റും നടന്നു പറഞ്ഞു " അല്ല, ഇത് ഇനി എന്റെകൂടി ജീവിതമാണ് "

ആ കൂടിനു ചുറ്റും പൊന്മാൻ ഇപ്പോഴും നടക്കുന്നുണ്ട്. എന്നെങ്കിലും അവൾ അതു തുറന്നു വരുന്നതും കാത്ത്.

ആതിര രാഹുൽ

അയ്യന്റെ ജന്മനാടായ പന്തളത്താണ് ജനിച്ചത്. മൂന്ന് മാസം പ്രായമുള്ളപ്പോൾ തന്നെ മാതാപിതാക്കൾ കൊൽക്കത്ത നഗരിയിലേക്ക് കൊണ്ടു വന്നു. കൽക്കട്ട യൂണിവേഴ്സിറ്റിയിൽ നിന്നും എക്കണോമിക്സിൽ ബിരുദം എടുത്തു. ഇപ്പോളൊരു കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ ക്ലർക്കായി ജോലി ചെയ്യുന്നു. ഭർത്താവുമായി കൊൽക്കത്തയിൽ തന്നെയാണ് താമസം.

ശാന്തിനികേതനിലെ അപരിചിതർ

ഓർമ്മ വെച്ച നാൾ മുതൽ കൊൽക്കത്ത നഗരിയിൽ ആയിരുന്നെങ്കിൽ പോലും, വിശ്വമഹാകവി ടാഗോറിന്റ "ശാന്തിനികേതൻ" സന്ദർശിക്കുവാൻ കഴിഞ്ഞത് 2019 ഒക്ടോബർ 5 നാണ്.

തിരിച്ചു വരുമ്പോൾ 'ടാഗോറിന്റെ മണ്ണിലേക്കൊരു യാത്ര' എന്ന തലക്കെട്ടോടുകൂടി യാത്രാവിവരണം കുറിക്കാമെന്നാണ് കരുതിയത്. എന്നാൽ അവിടെ എത്തിച്ചേർന്നതിന് ശേഷമാണ് അറിഞ്ഞത്, ടാഗോറിന്റെ സ്വപ്നത്തിലുള്ള സർവ്വകലാശാല യെ വാർത്തെടുക്കാൻ മുൻനിരയിൽ നിന്നത് നന്ദലാൽ ബോസ്, ബിനോദ്ബെഹാരി മുഖർജി, രാംകിങ്കർ ബെയ്ജ് എന്നീ മൂന്ന് കലാകാരന്മാരാണ് എന്നത്.

അഞ്ചു കിലോമീറ്റർ നീളത്തിലും നാല് കിലോമീറ്റർ വീതിയുമുള്ള വിശ്വ ഭാരതി കാമ്പസ് ഇടതൂർന്നു നിൽക്കുന്ന വിവിധങ്ങളായ വൃക്ഷങ്ങളാൽ സമ്പന്നമാണ്. പ്രകൃതിയെ സ്നേഹിക്കുന്ന ആർക്കും തന്നെ അവിടുന്ന് തിരിച്ചു വരാൻ തോന്നുകയില്ല. ഈ വൃക്ഷത്തണലുകളിലാണ് കുട്ടികൾക്ക് ക്ലാസ്സ് എടുക്കുന്നത്. ഗുരുകുല സമ്പ്രദായം ഇന്നും നിലനിൽക്കുന്ന ഭാരതത്തിലെ, ഒരു പക്ഷേ ലോകത്തിലെ തന്നെ, ഏക കാമ്പസാണിത്. അങ്ങനെ കാമ്പസ്സിനുള്ളിലെ ഒരു മരച്ചുവട്ടിലിരിക്കുമ്പോഴാണ് മു ണ്ടുടുത്തൊരു ചേട്ടനെ കാണുന്നത്. നമ്മൾ മലയാളികൾക്ക് മലയാളികളെ തിരിച്ചറിയുവാനൊരു പ്രത്യേക കഴിവുണ്ടല്ലോ. അമൽ ദേവ്എന്ന ആ ചേട്ടൻ ശില്പ കലയിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണ്. ആ കൂട്ടത്തിൽ മറ്റു ചില ചേട്ടന്മാരെയും ചേച്ചിമാരേയും

പരിചയപ്പെട്ടു. പിന്നെ അവരായി ഞങ്ങളുടെ ഗൈഡ്.

ചിത്രകലയിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയായ വിജിൽ ചേട്ടനാണ് ആണ് രാംകിങ്കർ ബെയ്ജ് എന്ന ശില്പിയെ പരിചയപ്പെടുത്തിയത്. കാമ്പസ്സിനുള്ളിലൂടെ നടക്കുമ്പോൾ വിവിധ സ്ഥലങ്ങളായി അദ്ദേഹം നിർമിച്ച ശില്പങ്ങൾ കാണാം.

ബംഗാളിലെ ബങ്കുര ജില്ലയിൽ 1906-ൽ ആയിരുന്നു രാംകിങ്കറിന്റെ ജനനം. എട്ടാം ക്ലാസ്സ് പൂർത്തിയാക്കി, അദ്ദേഹം വിശ്വഭാരതിയിലേക്ക് ശില്പകല പഠിക്കാനായി എത്തിയെങ്കിലും, പത്താം ക്ലാസ്സ് പാസ്സ് ആവാത്തതിനാൽ അദ്ദേഹത്തിന് അവിടെ പ്രവേശനം നിഷേധിച്ചു. പിന്നീട് രാംകിങ്കറിന്റെ കഴിവിനെ അറിഞ്ഞുകൊണ്ടു നന്ദലാൽ ബോസ്, വിശ്വഭാരതി ആർട് ഡിപ്പാർട്ട്മെന്റ് തലവൻ, അദ്ദേഹത്തിന് വിശ്വഭാരതിയിൽ ശില്പകലാ പഠിക്കുവാനായി അനുവാദം നൽകി. കലാ ഭവനിൽ പഠനം പൂർത്തിയാക്കിയ ഉടൻ അദ്ദേഹം അതിന്റെ ഫാക്കൽറ്റിയിൽ അംഗമായി. നന്ദലാലും ബിനോദ്ബെഹാരി മുഖർജിയുമായി ചേർന്ന് സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഇന്ത്യയിലെ ആധുനിക കലയുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായി ശാന്തിനികേതനെ മാറ്റുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു.

മുപ്പതുകളുടെ തുടക്കത്തിൽ, തന്റെ വ്യക്തിഗത ശൈലിയിൽ ഒന്നിന് പുറകെ ഒന്നായി, രാംകിങ്കർ ക്യാമ്പസ്സിൽ ശില്പങ്ങൾ നിർമിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ കലാസൃഷ്ടികൾക്ക് പ്രചോദനമായത് ഗ്രാമീണ ദളിത് അല്ലെങ്കിൽ ആദിവാസി (സന്താൽ) സമുദായങ്ങളുടെ ജീവിതശൈലിയിൽ നിന്നാണ്. അന്നേ വരെ ദൈവങ്ങളിലും, ഭരണാധികാരികളിലും പരിമിതിപ്പെട്ടിരുന്ന കലക്ക് ഒരു പുതിയ രൂപം കൊടുക്കുക്കായിരുന്നു അദ്ദേഹം. നാല്പതുകളിൽ ഉണ്ടായിരുന്ന രാഷ്ട്രീയ സാഹചര്യങ്ങളും, പ്രകൃതിദുരന്തങ്ങളാൽ കഷ്ടപ്പെടുന്ന ജനങ്ങളുടെ ദയനീയ അവസ്ഥകളും, തൊഴിലാളിവർഗത്തിന്റെ ആരാധകനായ അദ്ദേഹത്തെ സ്വാധിനിക്കാൻ കഴിഞ്ഞു. ഇടതുപക്ഷ ചായ്‌വുള്ള പ്രതിബദ്ധതയുള്ള കലാകാരനായി പരിണമിക്കാൻ ഇത് അദ്ദേഹത്തെ നയിച്ചു. 1950 ൽ സലോൺ ഡെസ് സലോൺ ഡെസ് റിയാലിറ്റസ് നൊവെല്ലെസിലും 1951 ലെ സലോൺ ഡി മായിലും പങ്കെടുക്കാൻ അദ്ദേഹത്തെ ക്ഷണിക്കുകയുണ്ടായി. എഴുപതുകളിൽ ദേശീയ ബഹുമതികൾ ഒന്നിനു പുറകെ ഒന്നായി വന്നുതുടങ്ങി. 1970 ൽ ഇന്ത്യൻ സർക്കാർ അദ്ദേഹത്തെ പത്മഭൂഷൺ നൽകി ആദരിച്ചു. 1976 ൽ ലളിത് കല അക്കാദമിയുടെ ഫെലോ ആക്കുകയും 1976 ൽ വിശ്വഭാരതി അദ്ദേഹത്തിനു ദേശികോട്ടമ

നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ ചില ശില്പങ്ങൾ കലാ ഭവൻ, ശാന്തിനികേതൻ, പരേതനായ റാണി ചന്ദ കളക്ഷൻ & അക്കാദമി ഓഫ് ഫൈൻ ആർട്സ്, കൊൽക്കത്ത, എച്ച്.കെ. കെജ്‌രിവാൾ കളക്ഷനും കർണാടക ചിത്രകല പരിഷത്തും, ബാംഗ്ലൂർ, ലളിത് കല അക്കാദമി, ന്യൂഡൽഹി, നാഷണൽ ഗാലറി ഓഫ് മോഡേൺ ആർട്ട്, ന്യൂഡൽഹി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ന്യൂഡൽഹി, ജെയ്ൻ, കിറ്റോ ഡി ബോയർ, ദുബായ്, ദില്ലി ആർട്ട് ഗ്യാലറി എന്നിവിടങ്ങളിൽ സംരക്ഷിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

ടാഗോർ സ്ഥാപിച്ച ശാന്തിനികേതനിലെ വിശ്വഭാരതി സർവകലാശാല എന്ന വിളക്കിൽ തിരി തെളിയിച്ച നന്ദലാൽ ബോസ്, ബിനോദ്ബെഹാരി മുഖർജി, രാംകിങ്കർ ബെയ്ജ് എന്നീ കലാകാരന്മാർ ഇന്നും ലോകത്തിനു അപരിചിതരാണ്. ടാഗോറിനൊപ്പം അവരും സ്മരിക്കപ്പെടേണ്ടവർ തന്നെയാണ്.

സുബീന എം. വി

(Fascio scapulo Muscular dystrophy) വീട് മലപ്പുറം മൂന്നിയൂർ കളിയാട്ടമുക്ക് ഇപ്പോൾ JSS Course ചെയുന്നു

ഒരു യമണ്ടൻ പൂരകഥ

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമത്തിൽ 1992 ഒരു ജൂൺ 11'th കോരി ചൊരിയുന്ന ആ മഴയതായിരുന്നു കരച്ചിലും ഉമ്മയുടെ ചിരിയുമായി ഞാൻ പുറംലോകതേക്ക് വരുന്നത് പിന്നെ അവിടെ സന്തോഷത്തിന്റെ ആനന്ദ കണ്ണീരും. അങ്ങനെ കാലങ്ങൾ കടന്ന് പോയി വിധി എന്ന് പറയാം എന്നെ തേടി Fascio Scapulo muscular dystrophy ഒരു വില്ലനായി എനിക്ക് നേരെ പൊരുതാനായി വന്നു ഞാൻ വിട്ടു കൊടുത്തില്ല തോൽക്കില്ല എന്ന മനസ്സോടെ ഓരോ ചുവടുകളായി ഞാൻ അങ്ങനെ നടന്ന് അകന്ന് sympathy യോടെ കാണുന്ന കണ്ണുകൾക്ക് നേരെയും എന്നെ തളർത്താൻ നോക്കുന്ന നാവുകൾക്ക് നേരെയും ഞാൻ ഓരോ വഴികൾ തിരഞ്ഞുകൊണ്ടേയിരിന്നു ഇങ്ങ നെ ഓരോ കണ്ടെത്തലുകളും ഓരോ യാത്രകളുമായി എന്റെ ജീവിതം അങ്ങനെ മുമ്പോട്ടു പോയികൊണ്ടിരിക്കുകയാണ് ഇനി കുറെ പറഞ്ഞു നീട്ടിപിക്കുന്നില്ല ഞാൻ ഒരു യമണ്ടൻ പൂരകഥയുടെ ഫ്ലാഷ്ബാക്ക് പറഞ്ഞു തുടങ്ങാം......

നടക്കില്ലെന്നുറപ്പിച്ച പൂര സ്വപ്നം പാതിവഴിക്ക് ഉപേക്ഷിച്ച ഞാൻ ഏതോ ഒരു സുപ്രഭാതത്തിൽ അവസരം കിട്ടിയ "ഒരു യമണ്ടൻ പൂരകഥ" പറഞ്ഞു തുടങ്ങാം അല്ലേ?

വേണ്ട

ആദ്യം ഇതിന്റെ പിന്നിലെ കഥ പറഞ്ഞു തുടങ്ങാം... പൊതുവെ നാല്ആളുകൾ കൂടുന്ന പരിപാടികൾക്ക് പോകാതെ വല്ലപ്പോഴും സുഹൃത്തുക്കളെ മീറ്റ് ചെയുകയും ഫാമിലി ആയിട്ട് എവിടേലും ഒരു യാത്ര. യാത്രയും എന്ജോയ്മെന്റ് എല്ലാം സ്നേഹിക്കുന്ന ഒരു പാവം പൊട്ടിപെണ്ണാണ്. എല്ലാ ആഗ്രഹങ്ങളും ഉള്ളിൽ ഒതുക്കി തന്റെ പരാതിയും പരിഭവങ്ങളും എല്ലാം ഡയറിയിൽ ഒന്ന് കുറിക്കുമ്പോളാണ് ഒരു ആശ്വാസം.

ചിലരുടെ നിരുസാഹപെടുത്തലും സിംപതിയുമാണ് എന്നെ ഇരുട്ടിലേക്ക് നയിക്കുന്നത്. ഇങ്ങനെ ഇരുന്നാൽ സമൂഹത്തിന്റെ മുമ്പിൽ ഞാൻ തന്നെയാണ് തോൽക്കുന്നത്. എന്റെ ചിറകുകൾ വീണിടത്ത് നിന്നും എനിക്ക് ഉയർന്നു പറക്കണമെന്ന വാശിയോടെ ഓരോ പടികൾ കയറി ഇറങ്ങാൻ

തുടങ്ങി.അങ്ങനെ താമരശ്ശേരിയിലെ യെല്ലോവിംങ്സ് പരിപാടിയിൽ എത്തുന്നതും ഫസ്റ്റ് ദിവസത്തെ പരിപാടി എല്ലാം കഴിഞ്ഞു ഇറങ്ങുമ്പോൾ പ്രകാശ്ഏട്ടന്റെ ഒരു ചോദ്യം തൃശൂർ പൂരം കണ്ടിട്ടുണ്ടോ?

ഞാൻ ഇതുവരെ കണ്ടിട്ടില്ല കാണാൻ ഒരുപാട് ആഗ്രഹം ഉണ്ട് എന്നെപോലെ ഉള്ളവർക്ക് അതൊക്കെ വെറും സ്വപ്നം മാത്രം. ആരോഗ്യമുള്ള ആളുകൾക്ക് തന്നെ തിക്കിതിരക്കിനിടയിൽ കാണാൻ പോലും കഴിയാതെ പല പ്രയാസങ്ങൾ അനുഭവപെടുമ്പോൾ ഞാനൊക്കെ എങ്ങനെ അവിടെ എത്താൻ ഞാനൊരൽപ്പം ചിന്തിച്ചു പോയി....

വീണ്ടും പ്രകാശ്ഏട്ടൻ ഞങ്ങൾ പോകുന്നുണ്ട് നീ പോരുന്നോ എന്ന ചോദ്യം കേട്ട ഞാൻ തരിച്ചുപോയി ഇത് എന്താണ് ഞാൻ സ്വപ്നത്തിലാണോ... ദൈവമേ എന്നോട് എങ്ങനെ ചോദിക്കാൻ തോന്നി എന്നെപോലെയുള്ള ആളുകളെ ചില സമൂഹങ്ങൾ അംഗീകരിക്കാത്ത ഈ കാലഘട്ടത്തിൽ ഇങ്ങനെയും ചേർത്ത് പിടിക്കാനുള്ള മനുഷ്യരുണ്ടോ ?... എന്റെ ആ സന്തോഷം പറഞ്ഞ് അറിയിക്കാൻ പറ്റാത്ത അത്രയുമായിരുന്നു...

ഏട്ടന്റെ ചോദ്യം കേട്ടയുടനെ പിന്നെ ഒന്നും ആലോചിക്കാൻ നിന്നില്ല ഞാനുണ്ട് ഏട്ടാ തൃശൂർ പൂരത്തിന് കൂടെ ഒരാൾക്കും പോരാം അപ്പോയെക്കും അനിയത്തി ഞാനുണ്ട് അതിനിടയിൽ കസിൻ ആ സമയത്ത് നോമ്പാണല്ലൊ അപ്പോൾ പോവാൻ കഴിയുമോ... അതൊന്നും ഇപ്പോൾ ആലോചിക്കണ്ട സമയം ഉണ്ടല്ലോ... ഇപ്പഴേ പ്ലാനിങ് ചെയ്താൽ ഒന്നും നടക്കില്ല.

വീട്ടിൽ പറഞ്ഞിട്ടില്ല പോകുന്ന രണ്ട് ദിവസം മുമ്പ് പറയാം.ഉമ്മയുടെ കാര്യത്തിൽ ടെൻഷൻ ഇല്ല ഉമ്മ വിടും ഉപ്പയെ കുപ്പിയിലാക്കാനാണ് പണി. നോമ്പ് ആയതുകൊണ്ട് കുടുംബത്തിലും ചുറ്റുവട്ടത്തിലുള്ളവർക്കും എന്തേലും കുറ്റം പറയാൻ ഉണ്ടാവും... പോകുന്ന കാര്യം parentsനോട് അല്ലാതെ വേറെ ആരെയും അറിയിച്ചില്ല.

അങ്ങനെ കാത്തിരിപ്പിന് ഒടുവിൽ തൃശൂർ പൂരം ഇങ്ങെത്തി. പോകുന്ന തലേന്ന് ഉപ്പയുടെ ഉമ്മയുടെ സമ്മതം കിട്ടി. എവിടെ പോവാണെങ്കിലും സോഷ്യൽ മീഡിയയിൽ സ്റ്റാറ്റസ് എല്ലാം അപ്ഡേറ്റ് ആയിട്ടുണ്ടാവും. നോമ്പ് ആയതുകൊണ്ട് പലരുടെയും ചൊറിയൽ കേൾക്കേണ്ടി വരുമെന്ന് മുൻകൂട്ടി കണ്ട് സ്റ്റാറ്റസ് എല്ലാം അന്നത്തെതു മാറ്റി വെച്ച്.

എവിടേലും പോവാന്ന് പറഞ്ഞാൽ എണീക്കാനും ഒരുങ്ങാനും ആരും വിളിക്കണ്ട അങ്ങ് ചാടി എണീറ്റോളും ഉള്ളിൽ ചെറിയൊരു പേടി ഉണ്ടായിരുന്നു ട്രാവലറിൽ ഇതുവരെ കയറിയിട്ടില്ല എങ്ങനെ കയറുമെന്ന് വരുന്നിടത്തു വെച്ച് കാണാം വെറുതെ എന്തിനാണ് ഓരോന്ന് ആലോചിച്ച് കൂട്ടുന്നത്. ഞങ്ങളെയും കാത്ത് അവർ തലപ്പാറ എത്തി. അങ്ങനെ ഓട്ടോ ക്യാഷ് കൊടുത്ത് അഷിതയും അനിയത്തി കൂടി വണ്ടിയിലേക്ക് ഇരുത്തി. നോമ്പ് എല്ലാം നോറ്റിട്ടാണ് പോകുന്നത് നോമ്പിന്റെ യാതൊരു

ക്ഷീണവും അറിയാതെ യാത്ര തുടങ്ങി.

മനസ്സ് ആകെ സന്തോഷംകൊണ്ട് എന്താ പറയ അറിയില്ല റോഡിലെ കാഴ്ച ഒന്നും കാണാൻ പറ്റുന്നില്ല മനസ്സും കണ്ണും പൂരപറമ്പിലെത്തിയിരുന്നു വല്ലാത്തൊരു ആകാംഷയിലാണ്... എങ്ങനെ കൊടമാറ്റം കാണാൻ പറ്റും അത്രയും ജനങ്ങൾക്കിടയിൽ ഇങ്ങനെ ഓരോ ചിന്തകൾ എന്തായാലും ശരി അവിടെ എത്തട്ടെ....

യാത്ര ഒരു രക്ഷയുമില്ല ഓരോ സെക്കന്റിലും ഓരോ ഓർമ്മകളും പിന്നെ പാട്ടും തമാശയും കൂടിയപ്പോൾ സംഭവം അങ്ങ് കളറായി.

12-30ആയപ്പോയേക്കും ഞങ്ങൾ സെന്റ് തോമസ് കോളേജിലെത്തി. അങ്ങനെ കോളേജ് വരാന്തയിൽ ഇരുന്നു സെൽഫി എടുക്കുന്നതിനിടയിൽ ഞങ്ങൾക്കുള്ള സൗകര്യങ്ങൾ ഒരുക്കാൻ അവരെത്തി. ഞങ്ങൾ കുറച്ചുനേരം അവിടെ റെസ്റ്റടുത്തു. ഭക്ഷണം കഴിക്കാനായി അവര് കോളേജ് ഹാളിലേക്ക് നീങ്ങി. നോമ്പ് ആയതുകൊണ്ട് ഞാൻ മുറ്റത്ത് ഇരിന്നു. എന്നെപോലെ ഉള്ള വേറെയും കുറെപേർ അവിടെ എത്തിയിട്ടുണ്ട് അവരേയൊക്കെ ഒന്ന് പരിജയപെട്ടു.

എന്നെപോലെ അവർക്കുമുണ്ട് പൂരം കാണാനുള്ള ആ ആവേശത്തിനെ കുറിച്ച് പറയാൻ. അങ്ങനെ ഞങ്ങൾ എല്ലാവരും ആംബുലൻസിൽ കുടമാറ്റം കാണാനായി പൂരപറമ്പിലേക്ക് നീങ്ങി. അവിടത്തെ ജനസാഗരം കണ്ട് ഞാനൊന്ന് ഞെട്ടി. എങ്ങനെ ഞങ്ങളെയുംകൊണ്ട് ആംബുലൻസ് അവിടേക്ക് കയറുമെന്ന ആശങ്കയിൽ ഞാൻ മാത്രമല്ല കൂടെയുള്ള ചേച്ചിയും പറഞ്ഞു. ഞങ്ങളെയുംകൊണ്ട് എത്തിയത് vip gallery പോലെ ramb സൗകര്യത്തോട് കൂടിയുള്ള ഗാലറി കെമിക്കൽ ടോയ്ലറ്റ്, എയർകൂളർ, ഭക്ഷണം, വെള്ളം അങ്ങനെ ഞങ്ങളെപോലുള്ളവർക്ക് വേണ്ട എല്ലാ സൗകര്യങ്ങൾ ഒരുക്കിയത് കണ്ടു കണ്ണൊന്നു നിറഞ്ഞുപോയി. ഇത്രയും ഒരുക്കങ്ങൾ സ്വപ്നത്തിൽ പോലും വിചാരിച്ചില്ല. ആ പ്ലാറ് ഫോമിൽ ഇരുന്ന് കുടമാറ്റം കാണുമ്പോൾ ഞങ്ങളെ കൂട്ടത്തിലെ പാട്ടും തുള്ളലും കണ്ട് പൂരപറമ്പിലെ ആളുകൾ ഫസ്റ്റ് എന്തോ ഒരു അത്ഭുതത്തോടെ ഞങ്ങളെ ഉറ്റുനോക്കി എന്തോ ഒരുമാതിരി അതൊന്നും ശ്രദ്ധിക്കാതെ ഞങ്ങൾ തുള്ളിചാടി പാടുന്നത് കണ്ട് പിന്നെ അവിടെ കൂടിയിരുന്ന ആളുകളെല്ലാം ഞങ്ങളെ കൂടെ ആടിപാടി ഫോട്ടോസ് എല്ലാം എടുത്തു. ആ കുട മാറ്റം വല്ലാത്ത ഒരു സംഭവം തന്നെ ആണുട്ടോ....

അങ്ങനെ ചടങ്ങ് എല്ലാം കഴിയുമ്പോയേക്കും മഹ്‌റിബ് ബാങ്ക് കൊടുത്തു നോമ്പ് തുറക്കാനുള്ള ഭക്ഷണം സൗകര്യം വരെ അവർ ചെയ്തു തന്നു. ഇങ്ങനെ പറയുകയാണെങ്കിൽ തീരില്ല അത്രക്കുമുണ്ട് പറയാൻ....

അങ്ങനെ തൃശൂർ പൂരം എന്ന സ്വപ്നം പൂവണിഞ്ഞു.

എത്ര പറഞ്ഞാലും എഴുതിയാലും പറഞ്ഞ് അറിയിക്കാനാവാത്ത നന്ദിയും കടപ്പാടുമുണ്ട്. ഞങ്ങൾക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കി തന്ന

FIRRE(Foundation for International Rehabilitation Research and Empowerment)team അങ്ങനെ പൂരം കാണാനുള്ള വേദി ഒരുക്കാൻ അനുവാദം തന്ന കളക്ടർ അനുപമ മാം, കുട്ടനെല്ലൂർ ഗവണ്മെന്റ് കോളേജിലെ Nss volunteers, തൃശൂർ സിറ്റി പോലീസ് commissioner yatheesh chanthra sir, കൊച്ചിൻ ദേവസ്വം ബോർഡ് NIPMR(National Institute of Physical Medicine and Rehabilitation) transportation ഉൾപ്പെടെ എല്ലാവിധ സഹായങ്ങളും നൽകിയ AODA(Ambulance Owners and Drivers Association)മന്ത്രി സുനിൽകുമാർ സർ ഞങ്ങളെ അരികിലെത്തി വിശേഷങ്ങളും ചോദിച്ച് കൂടെ നിന്ന് ഫോട്ടോസും എടുത്തു ഇത്രയും കരുതലും സ്നേഹവുമാണ് യമണ്ടൻ പൂരകഥക്ക് പിന്നിൽ. തൃശൂർ പൂരം വഴി ക്ലബ് എഫ് എം മീഡിയ ആയിട്ട് സംസാരിക്കാനുള്ള അവസരവും കിട്ടി. ഏറെ നാളത്തെ തൃശൂർ പൂരം എന്ന സ്വപ്നവും പൂവണിഞ്ഞു...

മണ്ണോടു മുഖം ചേർക്കുന്ന വരെ ഹൃദയത്തിലെന്നും ഈ ഓർമ്മകളും നിങ്ങളോടുള്ള ഇഷ്ട്ടവും ഇവിടെ പാറി പറക്കും.

ഷാജി തലോറ

സ്വദേശം: തളിപ്പറമ്പ് .
അസുഖം : മസ്കുലാർ ഡിഷ്ട്രോഫി

,

രാജമലയിലെ വരയാടുകളും ഗൂടല്ലൂരിലെ മുന്തിരിത്തോപ്പും

യാത്രകൾ ജീവിതത്തിലെ അനിവാര്യതയായി മാറിയിരിയ്ക്കുന്നു. ഓരോ യാത്ര കഴിയുമ്പോഴും അടുത്ത യാത്രയ്ക്കായി മനസ്സ് പരുവപ്പെട്ടു കഴിഞ്ഞിരിയ്ക്കും. മനസ്സിനെ ഏകാഗ്രമാക്കി പ്രകൃതിയുടെ ചലനവും താളവും സംഗീതവും ആസ്വദിച്ചു കൊണ്ടുള്ള യാത്രകൾ തരുന്ന ആനന്ദം അവർണ്ണനീയമാണ്. ജീവിതത്തിൽ വല്ലാത്ത വിരസത തോന്നുമ്പോൾ ഇഷ്ടപ്പെട്ട സ്ഥലത്തേക്ക് കുട്ടുകാരുമൊത്ത് ഒരു യാത്ര പോകാൻ കഴിഞ്ഞാൽ അത് നവോന്മേഷം പകരും. ഹരിതാപം വിതറിയ വഴിയോരങ്ങളിലൂടെ പ്രകൃതിയുടെ സൗന്ദര്യം തൊട്ടറിഞ്ഞ് വനാന്തരങ്ങളിലൂടെയും മലമടക്കുകളിലൂടെയും പ്രകൃതി വരച്ച ചായക്കൂട്ടുകളുടെ വശ്യഭംഗി നുകർന്നുകൊണ്ട് കോടമഞ്ഞും തണുത്ത കാറ്റും നിറഞ്ഞു നിൽക്കുന്ന അന്തരീക്ഷത്തിലൂടെ ഹിമകണങ്ങളേറ്റ് നവരത്നങ്ങൾ പോലെ കണ്ണഞ്ചിപ്പിയ്ക്കുന്ന കാഴ്ചകളുടെ പറുദീസയായ കിഴക്കിന്റെ കാശ്മീരിലേക്കുള്ള യാത്ര ഏതൊരു സഞ്ചാരിയുടേയും മനം കീഴടക്കും.

വർഷങ്ങൾക്കു മുമ്പ് ദൂരദർശൻ ടെലികാസ്റ്റ് ചെയ്ത ഇരവികുളം നാഷണൽ പാർക്കിലെ വരയാടുകളെ കുറിച്ചുള്ള ചിത്രീകരണമാണ് മൂന്നാർ മലനിരകളിലേക്ക് എന്നെ ആകർഷിച്ചത്. മുതിരപ്പുഴ, ചന്തുവരായിപ്പുഴ, കുണ്ടലപ്പുഴ എന്നീ മൂന്നു നദികളുടെ സംഗമഭൂമിയാണ് മൂന്നാർ. മൂന്ന് ആറ് (പുഴ) കൂടി ചേരുന്ന സ്ഥലം എന്നർത്ഥം. അടിമാലിയിൽ നിന്നും മൂവായിരത്തിൽപ്പരം അടി മുകളിലാണ് മൂന്നാർ ഏകദേശം മുപ്പതു കിലോമീറ്റർ ദൂരം കാണും വീതി കുറഞ്ഞ ദുർഘടം നിറഞ്ഞ പാതയിലൂടെയുള്ള ഡ്രൈവിംഗ് അൽപ്പം സാഹസികത നിറഞ്ഞതാണ്. ഹൈറേഞ്ചിന്റെ കവാടമായ അടിമാലിയിൽ വച്ചു തന്നെ പശ്ചിമഘട്ട മലനിരകളുടെ കാനന ഭംഗി അനുഭവിക്കാൻ കഴിയും. ഹൈറേഞ്ച് ചുരം താരതമ്യേന വലുതാണെങ്കിലും ഹെയർപിൻ വളവുകൾ കുറവാണ്. പണ്ട് കാട്ടാനകളുടെ നടവഴികളായിരുന്നത്രെ ഇന്നത്ത

റോഡുകളായി പരിണമിച്ചത്. പാതകൾക്ക് ഇരുവശങ്ങളിലുമുള്ള കാഴ്ചകൾ നയനാനന്ദകരമാണ്. ഉയർന്നു നിൽക്കുന്ന പാറമലകളിൽ നിന്നും അങ്ങിങ്ങായി ഒഴുകുന്ന വെള്ളച്ചാട്ടങ്ങൾ വെള്ളിനൂൽ തൂക്കിയതുപോലെ നേർത്ത വരകളായി തിളങ്ങുന്നതു കാണാം. ലോകത്തിൽ തന്നെ ഏറ്റവും അധികം വരയാടുകളെ കണ്ടു വരുന്നത് മൂന്നാർ ഇരവികുളം നാഷണൽ പാർക്കിലാണ്. വംശനാശഭീഷണി നേരിടുന്ന വരയാടുകളുടെ ആവാസകേന്ദ്രമാണ് ഇരവികുളം. പുൽമേടുകൾ നിറഞ്ഞ പ്രദേശങ്ങളാണ് വരയാടുകൾക്ക് ഏറെ പ്രിയം. വരൈ എന്നാൽ തമിഴിൽ പാറ എന്നാണർത്ഥം. കൂടുതലായും പാറ പ്രദേശങ്ങളിൽ കാണപ്പെടുന്നതിനാലാണ് ഇവയ്ക്ക് വരയാടുകൾ എന്ന പേര് വന്നത്. കാട്ടുആട് എന്നും ഇവ അറിയപ്പെടുന്നു. വരയാടുകളെ കാണാനായി മാത്രം ദിവസവും ആയിരങ്ങളാണ് ഇവിടെ എത്തുന്നത്. പാർക്ക് എൻട്രൻസിൽ നിന്നും നാലു കിലോമീറ്റർ വനം വകുപ്പിന്റെ ബസ്സിൽ യാത്ര ചെയ്തു വേണം രാജമലയിൽ എത്താൻ. സന്ദർശനം പാസ് മുഖേനമാണ് ക്രമീകരിച്ചിരിയ്ക്കുന്നത്. അംഗപരിമിതർക്ക് പാസ് ആവശ്യമില്ല. ഒപ്പം നീണ്ട ക്യൂവിൽ നിന്നും മോചനവും ഉണ്ടാകും. എന്നെ ഹരിയേട്ടൻ എടുത്ത് ബസിൽ കയറ്റി. ഇവിടേക്ക് സ്വകാര്യ വാഹനങ്ങൾ കടത്തി വിടില്ല. ബസ്സ് അൽപ്പം മുന്നോട്ട് നീങ്ങിയപ്പോൾ തന്നെ റോഡരുകിൽ മേഞ്ഞു കൊണ്ടിരുന്ന ഒരു വരയാടിനെ കണ്ടപ്പോൾ ബസ്സിലെ യാത്രക്കാരെല്ലാം വലിയ ആരവത്തോടെ വരയാടുകളെ കാണാനും ഫോട്ടോ പിടിയ്ക്കാനും തിരക്ക് കൂട്ടി.

അതീവ സംരക്ഷിത മേഖലയായ ഇരവികുളം കോർ ഏരിയ, ബഫർ ഏരിയ, ടൂറിസം ഏരിയ എന്നിങ്ങനെ തരം തിരിച്ചിരിയ്ക്കുന്നു. ഇതിൽ ടൂറിസം ഏരിയ ആയ രാജമലയിലാണ് വരയാടുകളെ കൂടുതലായും കണ്ട് വരുന്നത്. പച്ചപ്പു നിറഞ്ഞ പുൽമേടുകളും, തേയില തോട്ടങ്ങളും, നിബിഡമായ മലനിരകളും നട്ടുച്ചയ്ക്ക് പോലും കടന്നുവരുന്ന കോടമഞ്ഞുമെല്ലാം രാജമലയു പ്രൌഢി വിളംബരം ചെയ്യുന്നു. ഇവിടെ നിന്നു നോക്കിയാൽ ദക്ഷണേന്ത്യയിലെ ഏറ്റവും വലിയ കൊടുമുടിയായ ആനമുടി കാണാം. ഒട്ടേറെ വരയാടുകളെ കാണാൻ കഴിഞ്ഞതോടൊപ്പം ഈ സാധു ജീവിയുട കുറെ ചിത്രങ്ങളും ക്യാമറയിൽ പകർത്തി. വരയാടുകളുടെ പ്രജനന കാലമാണ് ഫെബ്രുവരി, മാർച്ച് മാസങ്ങൾ ഈ കാലയളവിൽ ഇവിടെ സന്ദർശനം അനുവദിയ്ക്കാറില്ല. ഈ കഴിഞ്ഞ ഫെബ്രുവരി ഇരുപത്തി ആറിന് മൂന്നാറിലേക്ക് വരാൻ എല്ലാ ഒരുക്കങ്ങളും ഞങ്ങൾ പൂർത്തിയാക്കിയതായിരുന്നു, സ്വന്തമെന്നു കരുതി ഹൃദയത്തോട് ചേർത്തവർ പിന്നിൽ നിന്നും പണി തന്നതിനാൽ ആ യാത്ര മുടങ്ങുകയായിരുന്നു. അന്നത്തെ യാത്ര മുടങ്ങിയത് ഉർവശീ ശാപം ഉപകാരപ്രദം എന്ന പോലെയായി. അന്ന് വന്നിരുന്നെങ്കിൽ ഞങ്ങൾക്ക് വരയാടിൻ കൂട്ടങ്ങളെ കാണാൻ കഴിയില്ലായിരുന്നു. രാജമലയിൽ പലയിടങ്ങളിലും തെളിനീർ ഉറവകൾ കാണാം. സന്ദർശകരുടെ ബാഹുല്യം കുറയുമ്പോൾ വരയാടുകൾ ഇവിടെ വെള്ളം കുടിക്കാൻ വരുമത്രെ. സന്ദർശകരിൽ പലരും ഇവിടെ നിന്ന് വെള്ളം കുടിക്കുകയും മുഖം കഴുകുകയും ചെയ്യുന്നത്

കാണാം. പാറയിടുക്കിൽ നിന്ന് വരുന്ന തണുത്ത വെള്ളം കുടിച്ച് ക്ഷീണവും ദാഹവും ഞാനുമകറ്റി. പ്രകൃതി ഭംഗി കാണാനും ആസ്വദിക്കാനും ആഗ്രഹിക്കുന്നവർ തീർച്ചയായും കാണേണ്ട സ്ഥലമാണ് മൂന്നാർ. വൈവിധ്യമാർന്ന വർണ്ണ ചിത്രങ്ങളാൽ വിസ്മയ പ്രപഞ്ചം തീർക്കുന്ന മൂന്നാറിന്റെ വിരിമാറിൽ ഒരു നനുത്ത കാറ്റായി അലിഞ്ഞു ചേരാൻ മനസ്സ് മോഹിച്ചു. കുളിർമ പകരുന്ന ഹരിതകാഴ്ചകൾ കണ്ടു കൊണ്ട് ഇടുക്കിയുടെ ഉൾഗ്രാമങ്ങളായ വെള്ളത്തൂവൽ, കഞ്ഞിക്കുഴി, കീരിത്തോട്, ചേലച്ചുവട്, ചുരുളി, അട്ടിക്കലം, വാഴത്തോപ്പ് വഴി ഇടുക്കി ഡാമിലേക്കുള്ള റോഡ് യാത്ര അൽപ്പം ദുർഘടം നിറഞ്ഞതാണ്. റോഡാണോ കുളമാണോ എന്ന് സംശയിച്ചു പോകും. പൊട്ടിത്തകർന്ന റോഡിലൂടെയുള്ള യാത്രയിൽ രസകരമായ ഒരു ബോർഡ് കണ്ടു "ഇവിടെ വികസനമുണ്ട്, സൂക്ഷിക്കുക ". ബോർഡ് വായിച്ചപ്പോൾ ചിരി വന്നെങ്കിലും കേരളത്തിലുടനീളം ഇത്തരം ബോർഡുകൾ വയ്ക്കേണ്ട അവസ്ഥയാണ്.
ഡാമിലെത്തിയപ്പോഴാണ് അറിയുന്നത് തിങ്കളാഴ്ച സന്ദർശകർക്ക് പ്രവേശനമില്ലെന്ന് . അല്പം നിരാശ തോന്നിയെങ്കിലും ഡാമിന്റെ വിദൂര ദൃശ്യങ്ങൾ കണ്ട് തൃപ്തരായി ഞങ്ങൾ യാത്ര തുടർന്നു. കാൽവരി മൌണ്ട് ഇക്കോ ടൂറിസ്റ്റ് കേന്ദ്രം അവിചാരിതമായാണ് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത് ചുമ്മാ ഒന്നു കയറി നോക്കാം എന്ന ധാരണയോടെയാണ് ഞങ്ങൾ മൌണ്ട് പാർക്കിലേക്ക് പോയത്. പക്ഷേ ഞങ്ങളെ അത്ഭുതപ്പെടുത്തുന്ന അപൂർവ്വ കാഴ്ചയാണ് മൌണ്ട് പാർക്ക് തന്നത്. ദൃശ്യചാരുതയുടെ ഗരിമ ആസ്വദിച്ചുകൊണ്ട് ഞങ്ങൾ കുറെ സമയം അവിടെ ചിലവഴിച്ചു. മലനിരകളെ തഴുകിയെത്തുന്ന കുളിർ കാറ്റേറ്റ് ഞാൻ ധ്യാനനിമഗ്നനായി . ഞങ്ങൾ എത്തിയത് ഉച്ച സമയമായതിനാൽ സന്ദർശകർ കുറവായിരുന്നു. പ്രകൃതിയുടെ അഭൌമമായ സൌന്ദര്യം നുകർന്ന് ആ ശാന്തതയിലേക്ക് സ്വയം അലിഞ്ഞു ചേർന്നു.

തേക്കടിയിൽ ബോട്ടു യാത്രയായിരുന്നു ഞങ്ങളുടെ അടുത്ത ലക്ഷ്യം. ഗൂഗിൾ തന്ന അറിവു പ്രകാരം വൈകുന്നേരം 5.30 വരെ ബോട്ട് യാത്ര അനുവദനീയമാണ്. എന്നാൽ നാലുമണിയ്ക്ക് ഞങ്ങൾ തേക്കടിയിലെത്തുമ്പോൾ ബോട്ട് സഫാരിയുടെ സമയം കഴിഞ്ഞിരുന്നു. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും യാത്രക്കാരെ പറ്റിക്കാനായി പലവിധ ഉഡായിപ്പ് വേലകൾ കാണാം. ദിവസവും ആയിരങ്ങൾ വന്നെത്തുന്ന തേക്കടിയിൽ ജീപ്പ് സഫാരി എന്ന ഉഡായിപ്പാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടത് . ബോട്ട് സഫാരിയുടെ സമയം കഴിഞ്ഞാൽ ജീപ്പ് സഫാരിയുടെ ഏജന്റുമാർ നമ്മുടെ പിന്നാലെ കൂടും. ഒപ്പം വർണ്ണാഭമായ ബ്രോഷറുകളും കാണിക്കും. മൂവായിരം രൂപ വരെ ഫീസ് ചോദിയ്ക്കുമെങ്കിലും വില പേശിയാൽ രണ്ടായിരം ആയിരത്തി അഞ്ഞൂറ് ഒക്കെയാകും. ബോട്ട് യാത്ര മുടങ്ങിയ നിരാശയിൽ ഞങ്ങളും ആ വലയിൽപ്പെട്ടു. കമ്പം, തേനി ഹൈവേയിലൂടെ മുന്നോട്ടു പോയാൽ ഗൂടല്ലൂരെത്താം. കേരള, തമിഴ്നാട് അതിർത്തി കടന്ന് ചുരമിറങ്ങുമ്പോൾ തന്നെ പ്രകൃതിയുടെ മാറ്റം കാണാം. നോക്കെത്താ ദൂരത്തോളം പരന്നു കിടക്കുന്ന കൃഷിത്തോട്ടങ്ങൾ കണ്ണിനു കുളിർമയേകുന്ന വിവിധയിനം പച്ചക്കറിപ്പാടങ്ങൾ

കാണാം. ഗൂടല്ലൂർ അപ്പാച്ചി മേട്ടിലെ മുന്തിരിത്തോട്ടങ്ങളാണ് പ്രധാന ആകർഷണം. പല പാകത്തിലുള്ള ചുവപ്പും പച്ചയും നിറത്തിലുള്ള മുന്തിരിക്കുലകൾ. പഴുത്തതും പഴുക്കാത്തതുമായ മുന്തിരിത്തോട്ടം കണ്ടപ്പോൾ പത്മരാജന്റെ നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പ് എന്ന സിനിമയിലെ സോളമനേയും സോഫിയേയും ഓർമ്മ വന്നു.

വൈകുന്നേരമാണ് ഞങ്ങൾ അവിടെ എത്തിയത് ഒട്ടേറെ പേർ മുന്തിരിക്കുലകൾ തൊടാനും ഫോട്ടോ പിടിയ്ക്കാനും തിരക്ക് കൂട്ടുന്നത് കണ്ടു. ചിലർ അനുവാദമില്ലാതെ മുന്തിരി പറിച്ചു തിന്നുന്നുണ്ട്. കനി എന്ന കൊച്ചു പെൺകുട്ടിയാണ് ഞങ്ങളെ തോട്ടത്തിലേക്ക് സ്വാഗതം ചെയ്തത്. നാലോ അഞ്ചോ വയസ്സ് കാണും ആ കൊച്ചു മിടുക്കിക്ക് . വീൽചെയർ കണ്ടതു കൊണ്ടാണോ എന്നറിയില്ല അവൾ ഞങ്ങളുടെ പിന്നാലെ തന്നെ കൂടി. അവളുടെ അമ്മ തോട്ടം തൊഴിലാളിയാണെന്ന് അവളുടെ വാക്കുകളിൽ നിന്നും മനസ്സിലായി . ആദ്യമായി മുന്തിരിത്തോപ്പിൽ എത്തിയ ആഹ്ലാദം മനസ്സിൽ നിറയുമ്പോഴും നേരം ഇരുട്ടിത്തുടങ്ങിയതിനാൽ വേഗം തിരിച്ചു പോകേണ്ടിവന്നു . പഴുത്തു തൂങ്ങി നിൽക്കുന്ന മുന്തിരിക്കുലകളുടെ പശ്ചാത്തലത്തിൽ ഏതാനും ഫോട്ടോകൾ പകർത്തി ഞങ്ങൾ മുന്തിരിത്തോപ്പിനോട് വിട പറഞ്ഞു. തമിഴ്നാടിന്റെ ഉൾഗ്രാമങ്ങളിലെ പച്ചക്കറിപ്പാടങ്ങിലൂടെയുള്ള യാത്രയിൽ തമിഴരുടെ അദ്ധ്വാനശീലവും മണ്ണിനോടും കൃഷിയോടുമുള്ള സ്നേഹവും മനസിലാക്കാൻ കഴിഞ്ഞു, ചിലയിടങ്ങളിൽ നിന്നും പച്ചക്കറികൾ വാഹനങ്ങളിൽ നിറയ്ക്കുന്നതും കാണാൻ കഴിഞ്ഞു. എല്ലാം കേരളത്തിന്റെ തീൻ മേശയിൽ വിളമ്പാൻ ആണെന്ന് ഓർത്തപ്പോൾ തമിഴന്റെ വിയർപ്പിനോട് ബഹുമാനം തോന്നി. ഒപ്പം തന്നെ തരിശായിക്കിടക്കുന്ന കേരളത്തിന്റെ കൃഷിപ്പാടങ്ങളോർത്ത് ലജ്ജയും.

മുല്ലപ്പെരിയാർ അണക്കെട്ട് നിർമ്മിച്ച ജോൺ പെന്നി ക്യുക്കിന്റെ സ്മാരകമാണ് യാത്രയിലെ അടുത്ത ഊഴം. തമിഴ്നാട്ടിലെ വെട്ടിക്കാട് എന്ന സ്ഥലത്ത് പ്രധാന റോഡിനോട് ചേർന്നാണ് സ്മാരകം സ്ഥിതി ചെയ്യുന്നത്. മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണ ഘട്ടത്തിലെ വിവിധ ഫോട്ടോകൾ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. നെഹ്റു ഉൾപ്പെടെയുള്ള വി.വി.ഐ.പി കൾ ഡാം സന്ദർശിച്ച ചിത്രങ്ങൾ ചുമരിൽ ഇടം പിടിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ പൂർത്തീകരണത്തിനു പിന്നിൽ ജോൺ പെന്നി ക്യുക്ക് എന്ന എഞ്ചിനീയറുടെ ത്യാഗോജ്വലവും അർപ്പണ പൂർണ്ണമായ പ്രവർത്തനത്തിന്റെയും ഒരു ചരിത്രമുണ്ട്. 1858- ൽ റോയൽ മിൽട്രി എഞ്ചിനീയറിംഗ് പാസായ ജോൺ പെന്നിക്യുക്കും, മേജർ റൈവും ചേർന്ന് വളരെകാലം പരിശ്രമിച്ചാണ് മുല്ലപ്പെരിയാർ ഡാമിന്റെ രൂപ രേഖ തയ്യാറാക്കിയത്. 1867-ൽ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിച്ചെങ്കിലും പ്രതികൂല കാലാവസ്ഥ മൂലം നിർമ്മാണ പ്രവർത്തനം വളരെ ദുർഘടമായിരുന്നു. വന്യ ജീവികളുടെ ആക്രമണവും പ്രകൃതി ദുരന്തവും മൂലം ഒട്ടേറെ തൊഴിലാളികൾ കൊല്ലപ്പെടുകയും ചെയ്തപ്പോൾ ഡാം നിർമ്മാണം തുടരേണ്ടെന്ന് സർക്കാർ തീരുമാനിച്ചു. എന്നാൽ ജോൺ പെന്നി ക്യുക്ക് സർക്കാരിന്റെ തീരുമാനം മുഖവിലയ്ക്കെടുത്തില്ല.

താൻ തുടങ്ങിയ ഡാമിന്റെ പണി എന്തു വില കൊടുത്തും താൻ തന്നെ പൂർത്തീകരിയ്ക്കുമെന്ന് ദൃഢപ്രതിജ്ഞ ചെയ്ത ക്യൂക്ക് കുടുംബ സമേതം ഇംഗ്ലണ്ടിലേക്ക് മടങ്ങി. തന്റെയും ഭാര്യയുടെയും സ്വത്ത് വകകളെല്ലാം വിറ്റ് ഇന്ത്യയിലേക്ക് തിരിച്ചു വന്ന് ഡാമിന്റെ പണി പൂർത്തീകരിയ്ക്കുകയും ചെയ്തു. ഔദ്യോഗിക കണക്കനുസരിച്ച് അന്നത്തെ അറുപത്തിരണ്ട് ലക്ഷം ഇന്ത്യൻ രൂപ ചിലവ് വന്നത്രെ മുല്ലപ്പെരിയാർ ഡാം നിർമ്മാണത്തിന്.1867-ൽ നിർമ്മാണം തുടങ്ങി 1895- ൽ നിർമ്മാണം പൂർത്തീകരിച്ച ഈ ഡാം കേരളത്തിനും തമിഴ്നാടിനും ഇന്നും ഒരു വിവാദ വിഷയമായി നിലനിൽക്കുന്നു. പെന്നി ക്യൂക്കിന്റെ പ്രതിമയ്ക്ക് മുന്നിൽ നിൽക്കുമ്പോൾ എന്റെ മനസ്സിൽ ബ്രിട്ടീഷ് സർക്കാർ ഡാം പണി നിർത്തലാക്കാൻ പറഞ്ഞപ്പോൾ നിർത്തിപ്പോരാമായിരുന്നില്ലേ സാർ, ബ്രിട്ടനിലുള്ള അങ്ങയുടെ സ്വത്ത് മുഴുവൻ വിറ്റു തുലച്ച് ഈ ഡാം പണിതതു കൊണ്ടല്ലേ നമ്മൾ കേരളീയർ ഇന്നും ഭീതിയുടെ നിഴലിൽ കഴിയേണ്ടി വരുന്നത എന്ന് തോന്നിപ്പോയി.

രാത്രി എട്ടു മണിയോടെ തേക്കടിയിൽ നിന്നും ഞങ്ങൾ രാത്രി ഭക്ഷണവും കഴിച്ച് നാട്ടിലേക്ക് തിരിച്ചു . അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്ര രാത്രിയിലായിരുന്നു. ഗസലുകളും പഴയ മലയാളം, ഹിന്ദി സിനിമാ ഗാനങ്ങളും ആസ്വദിച്ചു കൊണ്ടുള്ള യാത്ര മനസ്സിനെ ഒട്ടും മുഷിപ്പിച്ചില്ലെങ്കിലും ശരീരക്ഷീണം നന്നായി അനുഭവപ്പെട്ടു. ഇക്കുറി എന്റെ കൂടെ സന്തോഷ് (ചുഴലി), ഹരീന്ദ്രൻ (എഴുലോട്), രതീഷ് (തിരുവട്ടൂർ), സുശാന്ത് (കാനായി) എന്നിവർ അടങ്ങിയ പുതിയ ടീമായിരുന്നു .എല്ലാവരും യാത്ര നന്നായി ആസ്വദിച്ചെങ്കിലും എന്റെ മനസ്സിന്റെ അഗാധതയിൽ മയങ്ങിക്കിടക്കുന്ന സ്വകാര്യ വേദനയെ മൂന്നാറിലെ കുളിർ കാറ്റിനും ശമിപ്പിയ്ക്കാനായില്ല. അടിമാലിയിൽ ഞങ്ങൾക്ക് താമസിയ്ക്കാൻ സൌകര്യങ്ങൾ ഒരുക്കിത്തന്ന മുല്ലപ്പെരിയാർ മുൻ സമര സമിതി ചെയർമാനും എന്റെ സുഹൃത്തുമായ ഫാദർ ജോയി നിരപ്പിലിനും, ഹരീഷ് (ഹരി) പെരുമ്പാവൂരിനും നന്ദി രേഖപ്പെടുത്തുന്നു. അടിമാലിയിൽ പുത്തൻ പുരയിൽ ലോഡ്ജിന്റെ മൂന്നാമത്തെ നിലയിലായിരുന്നു ഞങ്ങളുടെ താമസം. ലിഫ്റ്റ് സൌകര്യം ഇല്ലാതിരുന്നതിനാൽ വീൽചെയർ സഹിതം എന്നെ മുകളിലെത്തിയ്ക്കാൻ എന്റെ സുഹൃത്തുക്കൾ ഏറെ പ്രയാസപ്പെട്ടു. ഇടുക്കിയുടെ കാഴ്ചാസൗന്ദര്യം പലയിടങ്ങളിലായി ചിതറി കിടക്കുന്നതിനാൽ ഒന്നോരണ്ടോ യാത്ര കൊണ്ടോ മുഴുവൻ ആസ്വദിക്കാൻ കഴിയില്ല. നിന്നെ അനുഭവിയ്ക്കുവാനും, അറിയുവാനും, ഹരിത മലകളെ ചുംബിക്കുവാനും നിന്നിൽ അലിഞ്ഞു ചേരുവാനും ഞങ്ങൾ വീണ്ടും വരും. നന്ദി മൂന്നാർ. നന്ദി ഇടുക്കി...

ജിനി ജോൺ

(വിഷ്വൽ ഇൻപൈർമെന്റ്),വീട്
കൊച്ചി.Phoenix From Ashes യൂട്യൂബ് ചാനലും
https://phoenixfromashesjini.wordpress.com
കഥകളും എഴുതാറുണ്ട്. സോഫ്റ്റ് സ്കിൽ
ട്രെയിനർ,Accelion എന്ന കമ്പനിയുടെ
ഡയറക്ടറുമാണ്.
.

ആളിക്കത്തുന്ന തീ അണയുമ്പോൾ അവശേഷിക്കുന്നത് എന്താണ്?

ആളിക്കത്തുന്ന തീ അണയുമ്പോൾ അവശേഷിക്കുന്നത് എന്താണ്? ഒരുപിടി ചാരം എന്നാൽ അതിൽ ഒരു തരി കനൽ ഉണ്ടെങ്കിലോ? അ തേ, ആ കനലൂതി കാച്ചിയെടുത്ത കുറേ ജീവിതങ്ങളുണ്ട് നമുക്കുചുറ്റും. അവരൊക്കെ ജീവിക്കുന്നത് അത് ആരെയും ജയിച്ചു കാണിക്കാൻ വേണ്ടിയല്ല. മറിച്ച് സ്വയം തോൽക്കാതിരിക്കാൻ വേണ്ടിയാണ്

അസാധാരണമാംവിധം ഒന്നുമില്ലാത്ത ഒരു സാധാരണ ജീവിതത്തിലേക്കാണ് ആ പെൺകുട്ടി ജനിച്ചു വീണത്. ചുറ്റുമുള്ളതൊക്കെ കാണാൻ കുഞ്ഞു കണ്ണുകൾ വലിച്ചു തുറന്നു നോക്കി പക്ഷേ കാഴ്ച മറച്ചുകൊണ്ട് ഒരുതരം അവ്യക്തത ആ കണ്ണുകളെ പിടികൂടിയിരുന്നു. ഓരോ വർഷങ്ങളും ഓരോ നാഴികകൾ എന്ന പോലെ വളർന്നു. അതു പോലെ ആ പെൺകുട്ടിയും. എന്നാൽ അവൾക്കു ചുറ്റുമുള്ള കാഴ്ചകൾ മാത്രം വളർന്നില്ല

അവൾക്കു ചുറ്റും ഉള്ളവരെല്ലാം സ്നേഹത്തോടെയും എന്നാൽ ഒരിറ്റ് സഹതാപത്തോടെയും അവളെ ജനികുട്ടി എന്ന് വിളിച്ചു തുടങ്ങി. അമ്മ എന്ന് പറയാൻ പഠിക്കുന്നതിനു മുമ്പേ മാതാപിതാക്കളെ നഷ്ടപ്പെട്ട കാഴ്ചക്കുറവുള്ള അവളെ സഹതാപത്തോടെ അല്ലാതെ ആരും നോക്കിയില്ല.

അച്ഛമ്മയുടെ പ്രിയപ്പെട്ട കൊച്ചുമോൾ ആയി അവൾ വളർന്നു . അതുപോലെ അവളുടെ കുസൃതികളും. ആഹാരം കഴിക്കാതെ പിണങ്ങി ഇരിക്കുമ്പോൾ സ്നേഹത്തോടെ വാരി തരുന്ന അച്ഛമ്മയെ അവൾ അമ്മ എന്നു വിളിച്ചു തുടങ്ങി. നിലത്തെഴുത്ത് പഠിക്കാൻ പോയപ്പോൾ തൊട്ട് കാഴ്ചക്കുറവിന്റെ ബുദ്ധിമുട്ട് അവളെ വല്ലാതെ വേട്ടയാടി .സ്കൂളിൽ എത്തിയപ്പോഴേക്കും കാഴ്ച കുറവ് ടീച്ചർമാരുടെ പരാതി പുസ്തകങ്ങളായി വീട്ടിലെത്താൻ തുടങ്ങി. ജനി കുട്ടി ബോർഡിനു മുമ്പിൽ കയറി നിൽക്കുന്നു, ബുക്കിൽ മൂക്കു മുട്ടിച്ച് വായ്ക്കുന്നു

, കയ്യക്ഷരം നല്ലതല്ല അങ്ങനെ അങ്ങനെ പരാതികൾ .എന്നാൽ പരീക്ഷയുടെ മാർക്ക് വന്നു തുടങ്ങിയപ്പോഴേക്കും ടീച്ചർമാരുടെ പരാതികൾ സ്നേഹമുള്ള പരിഭവങ്ങൾ ആയി മാറി അങ്ങനെയാണ് അവളുടെ കണ്ണിനു ഓപ്പറേഷൻ ആദ്യമായി 8 വയസ്സിൽ നടന്നത്.

അങ്ങനെ രണ്ടു കണ്ണിന്റെയും ഓപ്പറേഷനു ശേഷം ഒറ്റയ്ക്കായിരുന്ന അവൾക്ക് ഒരാളെ കൂട്ട് കിട്ടി. നല്ല ബ്രൗൺ നിറത്തിൽ ഫ്രെയിം ഉള്ള രണ്ടു കറുത്ത വാലുള്ള ഒരു സോഡാകുപ്പി കണ്ണട.
ആ സമയത്ത് അത് സോഡാകുപ്പി ഉപയോഗിക്കുന്ന മറ്റൊരാളെ മാത്രമേ അവൾക്ക് പരിചയം ഉണ്ടായിരുന്നുള്ളു . അത് മറ്റാരും അല്ല സാക്ഷാൽ നമ്മുടെ ശക്തി മാൻ. സ്കൂളിലെ കുട്ടികളുടെ ഒക്കെ കളിയാക്കലുകളും ഓടരുത് ചാടരുത് , വെയിലത്ത് പോകരുത് എന്നിങ്ങനെയൊക്കെയുള്ള കർശന നിബന്ധനകളുമായി അവളുടെ സ്കൂൾ ജീവിതം കടന്നുപോയി

അതിനിടയ്ക്ക് വീണ്ടും കണ്ണിന് സർജറി ചെയ്തു വളരെ മനോഹരമായി കടന്നു പോകേണ്ടിയിരുന്ന അവളുടെ സ്കൂൾ കാലം അങ്ങനെ ഹോസ്പിറ്റലുകളും മരുന്നുകളും
ഹോസ്പിറ്റൽ കാൻറീൻഫുഡ് ഒക്കെ ആയി കടന്നുപോയ്ക്കൊണ്ടിരുന്നു. ക്രമേണ കാഴ്ച നഷ്ടപ്പെട്ട വലതു കണ്ണ് കുഴിയാൻ തുടങ്ങി കാണുന്നവരോട് പേടി തോന്നുന്ന വിധം അത് അകത്തേക്ക് പിൻവലിഞ്ഞു കൊണ്ടേയിരുന്നു. അങ്ങനെയാണ് ഡോക്ടറുടെ നിർദ്ദേശപ്രകാരം പ്ലാസ്റ്റിക് കണ്ണ് വെക്കുന്നത്. എട്ടാം ക്ലാസ് വരെ പഠനത്തിൽ ഏറ്റവും മുമ്പിൽ ആയിരുന്നവൾ പെട്ടെന്ന് പഠനത്തിൽ ഏറ്റവും പിന്നിലേക്കായി . അതിനു കാരണം മറ്റൊന്നുമായിരുന്നില്ല. പഠിച്ചു ഒരു ഡോക്ടർ ആകണം എന്നുള്ളത് ഏറ്റവും വലിയ ആഗ്രഹങ്ങളിൽ ഒന്നായിരുന്നു.വേറൊന്നുമല്ല
അവളുടെ മമ്മി മരിച്ചത് ക്ഷയരോഗം കാരണമായിരുന്നു .ഇനി ഒരാൾക്കും രോഗം കണ്ടുപിടിക്കാത്തതിന്റെ പേരിൽ ജീവൻ കൊടുക്കേണ്ടി വരരുത് എന്നൊരു ആഗ്രഹം ആയിരുന്നു അവൾക്ക് കുഞ്ഞിലെ മുതൽ ഉള്ളത്.

ഹൈസ്കൂളിൽ കയറിയപ്പോൾ മുതൽ കേട്ടുതുടങ്ങിയ എൻട്രൻസ് എന്ന കടമ്പയെ പറ്റി വീട്ടിൽ അവൾ പറഞ്ഞപ്പോഴാണ് കണ്ണിന് കാഴ്ചയില്ലാത്ത കുട്ടിക്ക് ഒരിക്കലും ഒരു ഡോക്ടർ ആവാൻ കഴിയില്ല എന്ന് മനസ്സിലാക്കുന്നത് . അന്നുമുതൽ വാശിയായി ദേഷ്യമായി പിണക്കം ആയി ഈ ലോകത്തോട് മൊത്തം. അങ്ങനെ തട്ടിമുട്ടി അവൾ പത്താംക്ലാസ് കഴിച്ചു . അപ്പോഴേക്കും പ്രായാധിക്യത്താൽ തളർന്നു പോയിരുന്ന അമ്മയും അപ്പച്ചനും ഓരോ മക്കളുടെഅടുത്തേക്ക് ആയി. ശരിക്കും പറഞ്ഞാൽ ജീവിതത്തിൽ നഷ്ടത്തിന്റെ ആഴമറിയാതെ എന്നാൽ ജീവിതം തന്നെ നഷ്ടപ്പെട്ടു പോയിരുന്നു അപ്പോളേക്കും.

പത്താം ക്ലാസിലെ മാർക്ക് കുറവായതുകൊണ്ട് പ്ലസ് ടു വിന് ഹ്യൂമാനിറ്റീസിനാണ് അഡ്മിഷൻ കിട്ടിയത്. സ്റ്റെതസ്കോപ്പും വെള്ള കോട്ടും സ്വപ്നം കണ്ടിരുന്ന പെണ്കുട്ടിയുടെ കൈകളിലേക്ക് വന്നത് ചരിത്ര പുസ്തകങ്ങളും സാമൂഹ്യശാസ്ത്രവും ഒക്കെയാണ്.

ആർക്കോവേണ്ടി സ്കൂളിൽ പൊയ്ക്കൊണ്ടിരുന്ന പ്ലസ് ടു കാലം. അങ്ങനെ പ്ലസ് ടു വിനു ശേഷം എന്ത്

എന്ന ചോദ്യത്തിന് മാർക്ക് കുറവായതുകൊണ്ട് എന്തു വേണമെങ്കിലും പഠിക്കാം എന്ന ഒരു ചിന്ത മാത്രമേ ഉണ്ടായുള്ളൂ .അങ്ങനെ ഡിഗ്രീ അഡ്മിഷൻ എടുത്തു എടുത്തതോടുകൂടി ജീവിതത്തിലെ പ്രശ്നങ്ങളൊക്കെ തീർന്നു എന്ന് വിചാരിച്ചിരുന്നപ്പോഴാണ് അവിചാരിതമായി അവളുടെ അപ്പച്ചന്റെ മരണം പണ്ടേ ജീവിതത്തിൽ ഒറ്റപെട്ടുപോയതു കൊണ്ടാവാം ഒരു നിർവികാരതയ്ക്കപ്പുറം മറ്റൊന്നും തോന്നിയിരുന്നില്ല .അവൾ ജീവിതത്തിൽ ആദ്യമായി കരയാതെ പിടിച്ചുനിക്കാൻ ശീലിച്ചത് അപ്പോഴാണ്.

ബിരുദപഠനത്തിനു ശേഷം വീണ്ടും ജിനിയെ വിധി ബാംഗ്ലൂരിലേക്ക് പറിച്ചുനട്ടു. അവിടെ ബിരുദാനന്തരബിരുദത്തിനു ചേർന്നു . അപ്പോഴേക്കും അമ്മയും അവളെ വിട്ടുപോയി. അപ്പോൾ വിചാരിച്ചു ഇനി തരണം ചെയ്യാൻ ഒരു പ്രതിസന്ധിയും ജീവിതത്തിൽ ഉണ്ടാവില്ലല്ലോ എന്ന് . പക്ഷേ പിന്നീട് വന്ന ദിവസങ്ങൾ അത് വെറും തെറ്റിദ്ധാരണ മാത്രമാണെന്ന് മനസ്സിലാക്കി കൊടുത്തു .

കണ്ണിൽ ആദ്യമായി വേദന തോന്നിയപ്പോൾ അതത്രെ കാര്യമാക്കിയില്ല. ഓരോ ദിവസവും അത് കൂടി വന്നു കണ്ണിൽനിന്നും മനസ്സ് വേദനിക്കാതെ തന്നെ കണ്ണീർ വന്നുതുടങ്ങി. അപ്പോഴാണ് ചികിത്സിച്ചു കൊണ്ടിരുന്ന ഡോക്ടർക്ക് എന്തോ പന്തികേട് തോന്നിയത്. അങ്ങനെ അവർ തിരിച്ചറിഞ്ഞു ക്യാൻസറിന് കാരണമായേക്കാവുന്ന ഒരുതരം ഗ്രോത്ത് ആണെന്ന്. പിന്നീട് വീണ്ടും സർജറികൾക്കുള്ള ഹോസ്പിറ്റൽ വാസം. അതോടെ തോറ്റു കൊടുക്കില്ല എന്ന് ഒരു വാശിയായി മൊത്തത്തിൽ. എല്ലാവർക്കും ഒരു ബാധ്യതയായി തുടങ്ങിയെന്ന് അവൾ പതുക്കെപ്പതുക്കെ തിരിച്ചറിഞ്ഞു. സ്വയം ജീവിക്കാൻ സമയമായെന്ന് കോഴ്സിനു ശേഷം ഒരു ഉറച്ച തീരുമാനമെടുത്തു. അങ്ങനെയാണ് അവൾ കൊച്ചിയിലേക്ക് വണ്ടികയറിയത്. അതൊരു മാറ്റത്തിന് തുടക്കമിട്ടു .

അവൾക്ക് ഡോക്ടർ ആവാൻ പറ്റില്ല എന്ന് കുഞ്ഞിലെ വന്ന തിരിച്ചറിവ് പോലെ തന്നെ പിന്നെ സാധാരണ പെൺകുട്ടികളെ പോലെ അവൾക്ക് ജോലി ചെയ്തുജീവിക്കാൻ ആവില്ല ഇന്ന് പലരും പറയാൻ തുടങ്ങി. പക്ഷേ ഒരിക്കൽ അവളുടെ ആഗ്രഹങ്ങളെ അടി വേരോടെ പിഴുതെറിഞ്ഞ വിധിയോട് അവൾ പൊരുതാൻ തീരുമാനിച്ചു.

ജോലി അന്വേഷിച്ച് പോയതെല്ലാം അവൾക്ക് നേരെ സഹതാപം നിറഞ്ഞ നോട്ടങ്ങളും ഞങ്ങൾ പിന്നീട് അറിയിക്കാം എന്ന മറുപടികളും മാത്രമായി . വീണ്ടും അവൾ കരയാൻ തുടങ്ങി .പിന്നീട് ആ കണ്ണീർ മറച്ചുപിടിക്കാൻ അവൾ പഠിച്ചു .ആരുടെയും കുറ്റമല്ല നമ്മുടെ സമൂഹം അങ്ങനെയാണ്. എട്ടാം വയസ്സു മുതൽ ഇന്നുവരെ ഈ ഒറ്റക്കണ്ണ് കൊണ്ടാണ് യാത്ര ചെയ്തിട്ടുള്ളത്. ഡ്രൈവിംഗ് ഒഴിച്ച് ബാക്കി എല്ലാ കാര്യങ്ങളും ചെയ്യാൻ പറ്റും എന്നൊക്കെ അവൾ ഇന്റർവ്യൂവിൽ പറഞ്ഞെങ്കിലും ആരും അത് കേൾക്കാൻ തയ്യാറായില്ല. അങ്ങനെ അങ്ങനെ അവസാനം അവൾ ഒരു ചെറിയ കമ്പനിയിൽ ജോലി ചെയ്യാൻതുടങ്ങി . അതും ഏറ്റവും കുറഞ്ഞ ശമ്പളത്തിൽ . സ്വയം

ജീവിതത്തോട് തന്നെ ഒരു പുച്ഛം തോന്നി തുടങ്ങിയ

സമയമായിരുന്നു അത്. ഒരുപാട് സ്വപ്നങ്ങളുമായി വന്ന് ഒന്നുമില്ലാതെ തോറ്റു പോകുന്ന ഒരു അവസ്ഥ. അങ്ങനെ പതുക്കെ കൊച്ചി ജീവിതവുമായി ഇണങ്ങി പോയപ്പോഴാണ് വിവാഹത്തിന് വേണ്ടി ഒരു ഇടവേള എടുക്കേണ്ടി വന്നത്. അതോടെ ഉള്ള ജോലി കൂടി നഷ്ടപ്പെട്ടു. പിന്നീട് വീണ്ടും ജോലിക്കായി ഒരുപാട് പരിശ്രമിച്ചു.എന്നാൽ നിരാശ മാത്രമായി ഫലം. പക്ഷേ ഒരു മാറ്റം ഉണ്ടായി. ഇത്തവണ ഓരോ പ്രാവശ്യവും തളർന്നു പോകുമ്പോഴും താങ്ങാൻ കൂടെ ഒരാൾ ഉണ്ടായി. ആ തണലിൽ നിന്നുകൊണ്ട് തന്നെ സ്വന്തമായി ഒരു കമ്പനി തുടങ്ങി. വിചാരിച്ചതിലും നന്നായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നുണ്ട്.

പക്ഷേ പുറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ അവൾ ഒരുപാട് പേരോട് കടപ്പെട്ടിരിക്കുന്നു.വളർത്തിയതിനും തളർത്തിയതിനും അവരൊക്കെ തന്ന ഓരോപാഠങ്ങളും ആണ് ഇന്ന് അവളുടെ ജീവിതത്തിലെ തിരിച്ചറിവുകൾ.

ജീവിതത്തിൽ ഒന്നുമായില്ല അല്ലെങ്കിൽ ഇനി ഒന്നുമില്ല എന്നൊരു തോന്നൽ വന്നാൽ ജിനികുട്ടിയെ ഒന്ന് ഓർക്കുക.നമുക്ക് തുറക്കാൻ പറ്റാത്ത ഒരു വാതിലും ദൈവം നമുക്കായി പണിയില്ല എന്ന് വിശ്വസിക്കുക.ജീവിതം വീണ്ടും ഓരോ പരീക്ഷണങ്ങളുമായി വരുമ്പോൾ അത് നേരിടാൻ പരാതികളൊന്നും തന്നെയില്ലാതെ പുഞ്ചിരിയോടെ അവൾ കാത്തിരിപ്പുണ്ട്

Official photographer Team invicibles

Abhishek Nagaraja

My Journey with Divinely Abled

Like it is said that "Every Picture tells a unique story", we encounter different emotions from the same picture. As a Photographer, I felt no difference in working with people with divine abilities. But I felt a positive energy being flowing around in my mind which you don't get every time. They are the real achievers they battle with their weaknesses every day and every time and they never give up. They don't have limits regarding achievements. But working with them unlike others, it is more

of a huge responsibility. Apart from being a photographer, one should be flexible enough to stand by them for everything.

Because unlike others, most of them have accessibility issues or insufficient communication between each other, so this is where we fill in the gap. It looks tough but when they smile at your heart fully, you get the most beautiful feeling in the world. And to get that sort of feeling every time I get the opportunity, I volunteer my services without expecting anything in return.

It gives me great pleasure doing this, as I get the love, affection, and attention and moreover peace of mind. I feel like it is the divine job. I love doing this. And will do all my life. It gives me the true meaning of my life. My life is dedicated to them. The best part is they are pure at heart, Working with them gives a peace of mind in every manner as they listen and trust me. They have a lot of questions but I patiently answer them. The best part is their questions give us some new innovations and we do learn a lot from them. I also have noticed as Sometimes It takes a lot of time for me to understand that they are limited for certain postures to pose for the photoshoot. So I always give my best shot on it. I capture a memory with the amazing range of love and emotion, that they can have it forever. And finally, they are happy with my work. And the smiles they have on their faces gives you immense pleasure. It is like a dream come true. So the positive energy or the power you receive back is truly divine.

I just want the world to know that they are not here to compete for power, recognition, and support with people. They are just here to exhibit what they are good at. They see the beauty in the everyday and live in the present, witness love and enjoy the infinite possibilities. They just want the people to treat them like how they treat others. They just understand the language of love and affection and of course a little smile.

Dhanya Ravi

Dhanya Ravi has rare brittle bone disease called Osteogenesis Imperfecta. From Palakkad and now based on Bangalore, she's the wonder woman works for spreading awareness on rare diseases and also a motivational speaker.

Locomotor Disability in India

Did you know that in India, around 2.68 Cr persons are ‘disabled’ which comprises 2.21% of the total population? That’s a huge number indeed. Though the Rights of Persons with Disabilities (RPWD) Act 2016 has been a major breakthrough in this regard, the real matters pertaining to this community of ‘Divyangs’ as they are lovingly addressed by Prime Minister Shri Narendra Modi now, still has a long way to go. The new RPWD Act talks about non-discrimination and their inclusion rightfully into the mainstream society and assures to give them an equal opportunity everywhere. Do you think that’s really happening everywhere?There are several forms of disability that have been identified in the RPWD Act including mental health issues and learning disabilities. Still, Locomotor disabilities top the list. Locomotor disability means problem in moving from one place to another, that is, disability in the legs. But, in general, it is considered to be a disability related to bones, joints and muscles. Statistics reveal that almost 20.3% of disability in India is due to locomotor problems. Out of these, disability due to poliomyelitis and cerebral palsy rank among the first two causes respectively.

Locomotor disabilities range from deformities of the hands and legs, dysfunctional limbs, paralysis of the limbs and other structural defects like a hunch back or deformed spine. Causes could be varied; from amputation to congenital defects, cancer, stroke, malnutrition, age – related, infective, inflammatory and developmental insufficiencies, they could all be important factors for a disability of this kind.
Locomotor disabilities can be prevented. These people can also be rehabilitated using best care and means to a large extent. Prevention measures include adequate nutrition, immunization (like in case of poliomyelitis), health education in the society and seeking ways to prevent accidents. In case of patients with early impairment, further damage could be avoided by initiating early therapy, surgical procedures and treatment. Physiotherapy can be highly imperative in such cases. Setting up of Early Intervention Clinics can be of prime importance to children up to 3yrs of age. Paediatric physiotherapists have a crucial role to play here.As a doctor myself, I have witnessed many such cases who have improved and excelled in their own fields in spite of their disabilities. With provisions of accessibility,ambulatory devices, rehabilitation facilities and an inclusive attitude of the society towards them, these people with special abilities can surely carve a place for themselves in the world.
In the recent times Prosthetics have been a major revolution in this field. 3D printed prosthetic, Modular prosthetic limb, 3D printed wheelchair, Smartphone-controlled bionic prosthetics and Crutches having joints have made accessibility possible for them. Brain implants, 4D technology and brain-computer interfaces promise a brighter future for people afflicted by locomotor disabilities.

Just the advocacy pertaining to an equal place for the disabled isn’t enough. In today’s times, it is absolutely necessary that the entire mankind join hands to contribute to the upliftment, rehabilitation and development of this community. With proper support and encouragement, they can prove to be great assets of the nation and society.

-Dr.Sayantani Bhattacharjee

Prajaahita
Foundation